# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ഏഴംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പത്തനംതിട്ട-689645


**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി10-1065/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 17/09/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)
ഏഴംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി10- തീയ്യതി: 17/09/2025
1065/25

# പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി | ഡെപ്യൂട്ടി ഡയറക്ടർ | 06-08-2025 | 10-08-2025 |
| ശ്രീ. രഞ്ജിത്ത് കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 19-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-08-2025 | 19-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അരുൺ എസ് നായർ, ഓഡിറ്റ് ഓഫീസർ (11.8.2025 മുതൽ)
ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി നിഷ റ്റി വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആശ വി എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. ജോസ് പ്രകാശ് റ്റി ഐ | സെക്രട്ടറി | 01-04-2024 | 18-09-2024 |
| ശ്രീമതി ലേഖ എസ് | സെക്രട്ടറി | 19-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ചന്ദ്രബോസ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി ചിത്ര കെ ആർ | കൃഷി ഓഫീസർ | 01-04-2024 | 01-12-2024 |
| ശ്രീമതി സൗമ്യ ശേഖർ | കൃഷി ഓഫീസർ | 02-12-2024 | 31-12-2024 |
| ശ്രീമതി കൃഷ്ണശ്രീ ആർ കെ | കൃഷി ഓഫീസർ | 01-01-2025 | 31-03-2025 |
| ഡോ. ദിവ്യ | മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം | 01-04-2024 | 31-03-2025 |
| | | | |

| | | | |
|---|---|---|---|
| ഡോ. രമാദേവി എ ബി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ആശുപത്രി | 01-04-2024 | 31-03-2025 |
| ഡോ. രജനി ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 27-10-2024 |
| ഡോ. പ്രീത നായർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 28-10-2024 | 31-03-2025 |
| ഡോ. നീലിമ എസ് രാജ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി സിന്ധു | പ്രഥമദ്ധ്യാപിക, ഗവ. വെൽഫയർ എൽ.പി.എസ്, ഇളംഗമംഗലം | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രീത എസ് | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ. സുരേഷ് കുമാർ ആർ | ഫിഷറീസ് ഓഫീസർ | 01-04-2024 | 22-05-2024 |
| ശ്രീമതി എലീന ജോസ് വെട്ടം | ഫിഷറീസ് ഓഫീസർ | 23-05-2024 | 01-09-2024 |
| ശ്രീമതി രഞ്ജിനി പി കെ | ഫിഷറീസ് ഓഫീസർ | 02-09-2024 | 04-09-2024 |
| ശ്രീമതി അമല ജിജി | ഫിഷറീസ് ഓഫീസർ | 05-09-2024 | 31-03-2025 |
| ശ്രീമതി അണിമ സുഭാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. അലി അക്ബർ ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഏഴംകുളം സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീ. സുരേഷ് ബാബു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഏനാത്ത് സർക്കിൾ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- പാർട്ട് പെയ്മെന്റ് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-8 |
| 10 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-10 |
| 12 | ഗുണഭോക്തൃവിഹിതം-അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-11 |

| | | |
|---|---|---|
| 13 | ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ് | 1-1-12 |
| 14 | ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-13 |
| 15 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയരിക്കുന്ന തുക കൃത്യമല്ല | 1-1-14 |
| 16 | ഡിപ്രീസിയേഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-15 |
| 17 | ബഡ്ജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമ പദ്ധതികൾ | 1-7 |
| 23 | ക്യാഷ് പരിശോധന | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 58,799 രൂപ തൊഴിൽ നികുതി ഈടാക്കി | 1-11 |
| 27 | റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി, വസ്തുനികുതി നിർണ്ണയിച്ചതിലും അപാകതകൾ | 1-12 |
| 28 | അപകടാവസ്ഥയിലായ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റിയില്ല | 1-13 |
| 29 | അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 30 | സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ നിർമ്മാണത്തിന് ഫീസ് ഒടുക്കിയില്ല | 1-15 |

| | | |
|---|---|---|
| 31 | വാണിജ്യകെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-16 |
| 32 | വിദ്യാഭ്യാസ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചതിൽ അപാകതകൾ | 1-17 |
| 33 | അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചു | 1-18 |
| 34 | ചട്ടവിരുദ്ധമായി ഒക്യുപ്പൻസി അനുവദിച്ചു | 1-19 |
| 35 | അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചു | 1-20 |
| 36 | പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-21 |
| 37 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കൽ-റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല | 1-22 |
| 38 | ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയില്ല | 1-23 |
| 39 | കടമുറികൾ വാടകയ്ക്ക് നൽകി പിഴപ്പലിശയും കുടിശ്ശികയും ഈടാക്കിയില്ല | 1-24 |
| 40 | മരാമത്ത് കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-25 |
| 41 | ഫണ്ട് വിനിയോഗത്തിലെ കുറവ്- ഫണ്ട് ഷോർട്ട്ഫാളിന് കാരണമാകും | 1-26 |
| 42 | ആവിഷ്കരിച്ച പ്രോജക്ടുകൾ ചെലവില്ലാതെ കടലാസ്സിൽ മാത്രം ഒതുങ്ങി | 1-27 |
| 43 | കരാർ കാലയളവ് ദീർഘിപ്പിച്ച് വാങ്ങാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല (ഓഡിറ്റ് ഇംപാക്റ്റ്) | 1-28 |
| 44 | വന്യ മൃഗങ്ങളിൽ നിന്നും വിള സംരക്ഷണം - യൂണിറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചു | 1-29 |

| | | |
|---|---|---|
| 45 | വാട്ടർ ടാങ്ക് വാങ്ങൽ - ടെണ്ടർ നടപടികളിൽ സുതാര്യതയില്ല | 1-30 |
| 46 | വയോജനങ്ങൾക്ക് കട്ടിൽ പ്രോജക്ട്- ടെണ്ടർ നടപടികളിലെ അപാകത | 1-31 |
| 47 | അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല | 1-32 |
| 48 | മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല | 1-33 |
| 49 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല | 1-34 |
| 50 | 3.38 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-35 |
| 51 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ ചെലവഴിക്കുന്നില്ല | 1-36 |
| 52 | നടപടിക്രമങ്ങൾ പാലിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി | 1-37 |
| 53 | സബ്സിഡി തുക ഗുണഭോക്താവിന് പകരം കരാറുകാരന് അനുവദിച്ചു | 1-38 |
| 54 | തേൻഗ്രാമം-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക ചെലവഴിച്ചു | 1-39 |
| 55 | ടാറിന്റെ ബാരൽ വില, ജി.എസ്.ടി എന്നിവ ബിൽ തുകയിൽ കുറവ് ചെയ്തില്ല | 1-40 |
| 56 | പുഷ്പ കൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു | 1-41 |
| 57 | ഇൻവോയ്സുകൾ ഇല്ലാതെ ജൈവവള സബ്സിഡി അക്കൗണ്ടിൽ നൽകി | 1-42 |
| 58 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-43 |
| 59 | ഹോമിയോ മരുന്നുകൾ ലഭിക്കാൻ ശേഷിക്കുന്നു | 1-44 |
| 60 | മിനിട്ട്സുകൾ അംഗീകരിക്കുന്നതിലെ കാലതാമസം | 1-45 |

| | | |
|---|---|---|
| 61 | പൊതുടാപ്പുകളുടെ വെള്ളക്കരം - അനിയന്ത്രിതമായി വർദ്ധിക്കുന്ന തുക, പരിഹാരം നടപടികൾ ഫലപ്രദമാകുന്നില്ല | 1-46 |
| 62 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-47 |
| 63 | അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | 1-48 |
| 64 | ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിൽ പഞ്ചായത്തിന് വിമുഖത | 1-49 |
| 65 | വാതിൽപ്പടി സേവനം - പഞ്ചായത്തിന്റെ പ്രവർത്തനം ആശാവഹമല്ല | 1-50 |
| 66 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-51 |
| 67 | ജൽജീവൻ മിഷൻ - അവലോകനം | 1-52 |


**ഭാഗം 2**

-- No Records Found --

**ഭാഗം 3**


| | | |
|---|---|---|
| 1 | വാട്ടർ ടാങ്ക് വാങ്ങൽ - ടെണ്ടർ നടപടികളിൽ സുതാര്യതയില്ല - അധിക ചെലവ് നിരാകരിക്കുന്നു | 3-1 |
| 2 | വയോജനങ്ങൾക്ക് കട്ടിൽ - ടെണ്ടർ നടപടികളിൽ അപാകത - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു | 3-2 |
| 3 | വന്യ മൃഗങ്ങളിൽ നിന്നും വിള സംരക്ഷണം-യൂണിറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചു | 3-3 |
| 4 | തേൻഗ്രാമം-യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് തുക ചെലവഴിച്ചു | 3-4 |
| 5 | പുഷ്പ കൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു | 3-5 |
| 6 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല | 3-6 |


**ഭാഗം 4**

| | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരം | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ്
പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയ
പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാ
പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 02-06-2
തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 06-06-2025 തീയതിയിൽ എയിംസിലൂ
സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇ
വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215
2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേ
സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസിക
എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാ
ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപ
മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഇ
അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാ
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നി
അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയ
വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എ
ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഉ
മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികക
വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റി
ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങള
തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളു
മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്

അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാ
വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭി ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതി വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏഴംകു ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025- അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025-ലെ സാമ്പത്തി നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറ**

**പത്തനംതിട്ട**

**17/09/2025**

## <u>1-1-1 ആസ്തികളുടെ മൂല്യനിർണയം: ക്രോഡീകരണം സമഗ്രമല്ല</u>

ആസ്തി രജിസ്റ്റർ സമഗ്രമല്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## <u>1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല</u>

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാ അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊ

ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പ നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-4 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- പാർട്ട് പെയ്മെന്റ് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ B11 (B)- മരാമത്ത് പ്രവൃത്തികൾക്കായി 2911840 രൂപ പാർട്ട് പെയ്മെന്റ് നൽകിയെങ്കില ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രിക സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളു ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-6 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-45, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന് കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമാ പൊരുത്തപ്പെടുന്നില്ല.

## 1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി7 പ്രകാരം 1440035 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തു തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ട

സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-8 മുൻ കാലയളവ് (Prior Period) ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലെ ഷെഡ്യൂൾ I(18) I(19) എന്നിവ പ്രകാരം Prior Per Expenditure, Prior Period Income എന്നീ ശീർഷകങ്ങളിലെ ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേ ചെലവ്, വരുമാനം ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെ വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറ വരുത്തുന്നതിന് സാധിച്ചിട്ടില്ല.

## 1-1-9 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

ലൈസൻസ് ഫീ, തൊഴിൽ നികുതി, വാടക എന്നിങ്ങനെയുള്ള വരവിനങ്ങളിലെ വാർഷി കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകക പൊരുത്തപ്പെടുന്നില്ല.

## 1-1-10 വാർഷിക ധനകാര്യ പത്രികയിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു. എന്നിവയിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തിക പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെ കൃത്യമാക്കേണ്ടതാണ്.

## 1-1-11 ഗുണഭോക്തൃവിഹിതം-അക്കൗണ്ടിംഗ് കൃത്യമല്ല

ഗുണഭോക്തൃവിഹിതമിനത്തിൽ ഷെഡ്യൂൾ ബി-4 പ്രകാരം 379745 രൂപ ബാധ്യതയാ കാണിച്ചിരിക്കുന്നു. ഇത് മുൻവർഷവും ക്രമീകരിക്കാതെ അവശേഷിച്ച തുകയാണ്. പ്രസ്തുത തു

ക്രമീകരിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 1-1-12 ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ ക്രമീകരിക്കേണ്ടതാണ്

ഷെഡ്യൂൾ ബി-9 പ്രകാരം മറ്റ് ബാധ്യതാ (Other Liablities) ഇനത്തിൽ വർഷങ്ങളായി ചുവടെ പറയു തുകകൾ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.

| Account Head | Item | Amount |
|---|---|---|
| 350300199 | Goverment And Other Dues Payable - OTHERS | 100090 |
| 350300101 | Goverment And Other Dues Payable - LIBRARY CESS | 294692 |

മുകളിൽ പറഞ്ഞ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കുകയോ അല്ലാത്തപക്ഷ അക്കൗണ്ടിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-1-13 ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

ഷെഡ്യൂൾ ബി-4 പ്രകാരം 582568 രൂപ GRANT FROM OTHER FINANCIAL INSTITUTIONS എന്ന ഹെഡ്ഡി നീക്കിബാക്കിയായി കാണിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ-യിലുള്ള തനത് ഫ അക്കൗണ്ടിൽ 12-02-2025-ൽ ക്രഡിറ്റ് ചെയ്ത തുകയാണ്. എന്നാൽ ഏത് ഉദ്ദേശ്യത്തിനാണെന്നോ എവിടെ നിന്ന് ലഭിച്ചുവെന്നോ വ്യക്തമല്ല.

## 1-1-14 സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയരിക്കുന്ന തുക കൃത്യമല്ല

സംയുക്ത പ്രോജക്ടുകളുടെ (ബ്ലോക്ക് പഞ്ചായത്ത്) നിർവ്വഹണത്തിനായി ചെലവഴിച്ചിരിക്കു തുക 1083611 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിൽ ചെലവാ കാണിച്ചിരിക്കുന്ന തുക 1033611 രൂപയാണ്. 50000 രൂപയുടെ വ്യത്യാസമുണ്ട്.

## 1-1-15 ഡിപ്രീസിയേഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല

ഷെഡ്യൂൾ B11 (A) – Accumulated Depreciation – Furniture, Fixtures എന്ന ഇനത്തിൽ കാണിച്ചിരിക്കുന്ന 2709 രൂപ കൃത്യമല്ല.

## 1-2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് 8.2.2024-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കി ബജറ്റ് 24.3.2025-ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
| മുന്നിരിപ്പ് | 30141460 | 29929668 | 56438115 | |
| വരവ് | 666613000 | 666313000 | 108061874 | 288117813 |
| ആകെ | 696754460 | 696242668 | 164499989 | |
| ചെലവ് | 666400000 | 666045000 | 97186667 | 261708508 |
| നീക്കിയിരിപ്പ് | 30354460 | 30197668 | 67313322 | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 56438115 | |
| ഓഡിറ്റ് വർഷത്തെ വരവ് | 108061874 | 288117813 |
| ആകെ വരവ് | 164499989 | |
| ഓഡിറ്റ് വർഷത്തെ | 97186667 | 261708508 |

| | | |
|---|---|---|
| ചെലവ് | | |
| നീക്കിയിരിപ്പ് | 67313322 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 28175000 | 28175000 | 27558644 | | |
| വികസന ഫണ്ട്-എസ്.സി.പി | -- | 12090000 | 12090000 | 9753584 | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8181934 | 10645566 | 18827500 | 2512410 | 16315090 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1909473 | 5548847 | 7458320 | 3782042 | 3676278 | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ഇല്ല | 48107000 | 48107000 | 30114614 | | 8370986 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | -- | 9553000 | 9553000 | 7241587 | | 400813 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ശുചിത്വ മിഷൻ | 3372997 | 0 | 3372997 | 841686 | 2531311 | |
| ലൈഫ് – സംസ്ഥാനം വിഹിതം | 3300000 | 9400000 | 12700000 | 11000000 | 1700000 | |

| | | | | | | |
|---|---|---|---|---|---|---|
| ആയുഷ് | 500000 | 0 | 500000 | 0 | 500000 | |
| ഐ.സി.ഡി.എസ് | 3989368 | 2309487 | 6298855 | 867081 | 5431774 | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 3 | 62397699 | 62397702 | 62397702 | 0 | |
| ഹെൽത്ത് ഗ്രാന്റ്- ഇൻഫ്രാസ്ട്രക്ച്ചർ | 914855 | 463511 | 1378366 | 604531 | 773835 | |
| ഹെൽത്ത് ഗ്രാന്റ്- വെൽനസ്സ് സെന്റർ | 393636 | 699462 | 1093098 | 258247 | 834851 | |

1) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 1891800 വീതം 11 ഗഡുക്കളായി 20809800 രൂപയും ഒരു ഗഡുവാ 1884468 രൂപയും ഉൾപ്പെടെ 22694268 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

<u>ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ</u>

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി – വായ്പാ തിരിച്ചടവ് എന്നിവയി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മ തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്ന.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1988922 |
| " | അങ്കണവാടി അധിക വേതനം | 1401600 |
| വികസന ഫണ്ട് – എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 158072 |

## <u>1-5 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ എണ്ണം നടപ്പിലാക (71.5%). വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വകയിരുത്തലും ചെല സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ തുക | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെല ശതമാ |
|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | ആകെ | | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| സെക്രട്ടറി | 33 | 14 | 47 | 15704416 | 25 | 7 | 32 | 10665258 | 67.91 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 5 | 17 | 6792800 | 11 | 4 | 15 | 3677703 | 54.14 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 125 | 62 | 187 | 80617497 | 56 | 60 | 116 | 35636680 | 44.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 13 | 26 | 59016910 | 6 | 10 | 16 | 42514848 | 72.04 |
| കൃഷി ഓഫീസർ | 14 | 0 | 14 | 6879112 | 14 | 0 | 14 | 4577749 | 66.55 |
| വെറ്ററിനറി സർജൻ | 8 | 4 | 12 | 3510008 | 8 | 4 | 12 | 2879349 | 82.03 |
| മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം | 14 | 8 | 22 | 8571431 | 12 | 8 | 20 | 6532006 | 76.21 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം ആശുപത്രി | 7 | 0 | 7 | 1880000 | 6 | 0 | 6 | 1777467 | 94.55 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | 3 | 1 | 4 | 700000 | 3 | 1 | 4 | 678163 | 96.88 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6 | 15 | 10524905 | 8 | 6 | 14 | 6921324 | 65.76 |
| എച്ച്.എം. ഗവ. വെൽഫയർ എൽ.പി.എസ് | 4 | 1 | 5 | 2512500 | 4 | 1 | 5 | 2383548 | 94.87 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 3 | 0 | 3 | 3690000 | 3 | 0 | 3 | 1977868 | 53.6 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 2 | 80000 | 1 | 0 | 1 | 8000 | 10 |
| | **247** | **114** | **361** | **200479579** | **157** | **101** | **258** | **120229963** | **59.97** |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3 | 1579480 | 1579483 | 1579483 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 60818219 | 60818219 | 60818219 | - |
| **ആകെ** | **3** | **62397699** | **62397702** | **62397702** | **0** |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 3703 | 51019400 |
| വിധവാ പെൻഷൻ | 1338 | 19307700 |
| കർഷക തൊഴിലാളി പെൻഷൻ | 219 | 3220000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 441 | 6642400 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 66 | 923600 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 19/08/2025, 2:12 P
ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയി
നീക്കിയിരുപ്പ് തുകയായ 27310 (ഇരുപത്തി ഏഴായിരത്തി മുന്നൂറ്റി പത്ത്) രൂപയുടെ കൃത്യ
ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീ
ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീ
പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന് തനത് ഫണ്ട് സ്ഥി
ശക്തമായ നിലയിൽ ആണെങ്കിലും ലൈസൻസ് ഫീസ് പിരിവിൽ വളരെ അലംഭാ
പുലർത്തുന്നുണ്ട്. പെർമിറ്റ്, ക്രമവത്ക്കരണ ഫീസുകൾ കണക്കാക്കിയതിലും വസ്തു നികു
നിർണ്ണയിച്ചതിലും അപാകതകൾ സംഭവിച്ചിട്ടുണ്ട്. അവ പരാമർശങ്ങളായി ഓഡിറ്റ് റിപ്പോർട്ടിന്റെ
ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി, സ്റ്റാന്റി
കമ്മിറ്റി മിനിട്ട്സുകൾ സകർമ്മ സോഫ്റ്റ വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നതെങ്കില
സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സുകൾ അംഗീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. പഞ്ചായ

ജനറൽ കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം പ്രസിഡന്റ് അംഗീകരിക്കുന്നുണ്ട്. ഗ്രാമസ മിനിട്ട്സുകൾ തൃപ്തികരമായ രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ട്. ചെലവ് ശതമാ തൃപ്തികരമാണെങ്കിലും റോഡ് സംരക്ഷണ ഗ്രാന്റിൽ 83 ലക്ഷം രൂപ ലാപ്സായത് ഫ വിനിയോഗത്തിൽ പഞ്ചായത്ത് പുലർത്തിയ ഉദാസീനമായ മനോഭാവത്തെയാണ് സൂചിപ്പിക്കുന്ന പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തവാനും സർക്കാർ ഗ്രാന്റുകൾ പരമാവ പ്രയോജനപ്പെടുത്താനും ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.8.2018 - 13.9.2018 | 2013-14 - 2017-18 | 23.10.2018 |
| പെർഫോമൻസ് ഓഡിറ്റ് | 20.6.2022 - 21.6.2022 | 1/2022 - 3/2022 | 12.7.2022 |

## 1-11 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 58,799 രൂപ തൊഴിൽ നികുതി ഈടാക്കി

പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റ റിട്ടേണും പരിശോധിച്ചതിൽ, താഴെ സൂചിപ്പിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ തൊഴിൽ നികു അടവാക്കിയിട്ടില്ല. തന്മൂലം പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് ഓഡിറ്റ് എൻക്വയ (07/06.08.2025) നൽകിയതിനെ തുടർന്ന്, ടി വ്യക്തികൾ/സ്ഥാപനങ്ങൾ 58,799 രൂപ തൊഴിൽ നികു പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യക്തി/സ്ഥാപനം | രസീത് നം./തീയതി | ഒടുക്കിയ തുക |
|---|---|---|---|
| 1 | ശ്രീ എ. ജോസ് (മരാമത്ത് കരാറുകാരൻ) | R-G030803-25003116/11.08.2025 | 2625 |
| | | | |

| | | | |
|---|---|---|---|
| 2 | ശ്രീ ബിനു തോമസ് (മരാമത്ത് കരാറുകാരൻ) | R-G030803-25003258/19.08.2025 | 2625 |
| 3 | ദേവി ടൈൽസ് & ഗ്രാനൈറ്റ്സ്, ഏനാത്ത് | R-030803-25003165/ 12.08.2025 | 3496 |
| 4 | ദേവി ഇലക്ട്രിക്കൽസ് & ഏജൻസീസ് | R-030803-25003166/ 12.08.2025 | 6870 |
| 5 | പദ്മശ്രീ സെൻട്രൽ സ്കൂൾ- ജീവനക്കാർ | R-030803-25003176/ 13.08.2025 | 38283 |
| 6 | പദ്മശ്രീ സെൻട്രൽ സ്കൂൾ- സ്ഥാപനം | R-030803-25003177/ 13.08.2025 | 2900 |
| | | **ആകെ** | **58799** |

തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കാൻ പഞ്ചായത്ത് ഊർജ്ജിതമായ നടപടിക സ്വീകരിക്കേണ്ടതാണ്.

## 1-12 റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി, വസ്തുനികുതി നിർണ്ണയിച്ചതിലും അപാകതകൾ

ഏനാത്ത് വില്ലേജ് ബ്ലോക്ക് നം.18 സർവ്വേ നം. 463/5-1-2-ലുള്ള 405ച.മീ. പ്ലോട്ടിൽ 407.09 ച. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സുബൈ മൈക്കിൾ, ലിറ്റിൽ ഫ്ല എനാത്ത്, എന്ന വ്യക്തിയ്ക്ക് 06.02.2019-ൽ ഇ1-ബി.എ.(39159)/2019 നമ്പരായി പെർമ അനുവദിച്ചിരുന്നു. ആയത് പ്രകാരം നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ല ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിച്ച് 12/859/A, 859/B, 859/C എന കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് കംപ്ലീഷൻ ഫയലുകളുടെ പരിശോധനയി ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കംപ്ലീഷൻ പ്ലാൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് എന്നിവ പ്രകാരം ആ വിസ്തീർണ്ണം 428.90 ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് നിർമ്മാണം നടത്തിയ 21.81 ച. ക്രമവത്ക്കരിച്ചാണ് ഒക്യൂപ്പൻസി അനുവദിച്ചിട്ടുള്ളത്. ക്രമവത്ക്കരണ ഫീസായി 30.10.2024-6 1240303585 നമ്പർ രസീത് പ്രകാരം 1057 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 21.81 ച.

ക്രമവത്ക്കരിക്കുന്നതിന് 4362 (21.81*200) രൂപ ഫീസ് ഈടാക്കേണ്ടതായിരുന്നു. 3305 രൂപ കുറവായാ
ഈടാക്കിയിട്ടുള്ളത്.

2. കെട്ടിടത്തിൽ പാർപ്പിടാവശ്യത്തിനുള്ള മൂന്ന് യൂണിറ്റുകളാണുള്ളത് (859/A-200.74ച.മീ., 859/B- 114.
859/C- 114.08). പ്രസ്തുത യൂണിറ്റുകളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത് സ്വന്തം താമസത്ത
ഉപയോഗിക്കുന്ന 300 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടങ്ങളു
ഗണത്തിൽപ്പെടുത്തി ച.മീ. ന് 10 രൂപ നിരക്കിലാണ്. മൂന്ന് പാർപ്പിട യൂണിറ്റുകളും ഉടമയുടെ സ്വ
താമസാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാ
വാടകയ്ക്ക് നൽകുന്നതിന് വേണ്ടിയാണ് പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കുന്നതെങ്കിൽ
ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേ
പാർപ്പിടാവശ്യത്തിനുള്ളവയുടെ ഗണത്തിൽപ്പെടുത്തിയായിരുന്നു നികു
നിർണ്ണയിക്കേണ്ടിയിരുന്നത്. ച.മീറ്ററിന് 55 രൂപയാണ് പ്രസ്തുത ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾ
ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്ക്. കെട്ടിടങ്ങളുടെ ഉപയോഗം സംബന്ധിച്ച് ഉടമയി
നിന്നും വിവരങ്ങൾ തേടുകയോ, പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. വസ്തുനികു
നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ
എൻക്വയറിയ്ക്ക് (25/16.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

പെർമിറ്റ് ഫീസ് ഈടാക്കിയതിലെയും വസ്തുനികുതി നിർണ്ണയിച്ചതിലെയും അപാകതക
പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 അപകടാവസ്ഥയിലായ സ്ക്കൂൾ കെട്ടിടം പൊളിച്ചുമാറ്റിയില്ല

ഗ്രാമപഞ്ചായത്തിലെ ഏനാത്ത് ഗവൺമെന്റ് യു.പി.സ്ക്കൂളിന്റെ അപകടാവസ്ഥയിലായ പഴ
സ്ക്കൂൾ കോൺക്രീറ്റ് കെട്ടിടം പൊളിച്ചുമാറ്റിയില്ല. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ്സ് വരെയു
കുട്ടികൾ ഈ സ്ക്കൂളിൽ പഠിക്കുന്നുണ്ട്. 65 കുട്ടികളും 9 അദ്ധ്യാപകരുമാണ് ഈ സ്ക്കൂളിലുള്ള
കുട്ടികൾ ഉപയോഗിച്ചുകൊണ്ടിരുന്ന ടോയിലറ്റുകൾ ഉൾപ്പെട്ടിരുന്ന മറ്റൊരു കെട്ടിട
അൺഫിറ്റായതിനാൽ നിലവിൽ ഉപയോഗിക്കുന്നില്ല. പ്രസ്തുത കെട്ടിടം ഉപയോഗിക്ക
കഴിയാത്തതിനാൽ കുട്ടികൾക്ക് ബാത്ത് റും സൗകര്യം അപര്യാപ്തമാണ്. കൂടാതെ സ്ക്കൂളിന്
മുറ്റത്ത് നിൽക്കുന്ന തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ പ്രധാന സ്ക്കൂൾ കെട്ടിടത്തിനും കുട്ടികൾക്ക
അദ്ധ്യാപകർക്കും ഭീഷണിയാണ്. അപകടാവസ്ഥ മുന്നിൽ കണ്ട് സ്ക്കൂൾ ഹെഡ്മിസ്ട്രസ് ത
പണം ചെലവഴിച്ച് മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. മരങ്ങൾ പൂർണ്ണമാ

മുറിച്ചുമാറ്റുന്നതിനായി എച്ച്.എം പഞ്ചായത്തിൽ അപേക്ഷ നൽകിയെങ്കിലും തുടർനടപടിക
സ്വീകരിച്ചിട്ടില്ല.





അപകടാവസ്ഥയിലായ സ്കൂൾ കെട്ടിട ഭാഗങ്ങൾ സ്കൂളിന് മുന്നിലു
മരങ്ങൾ

അൺഫിറ്റായ സ്കൂൾ കെട്ടിടം, ബാത്ത് റൂം കെട്ടിടം എന്നിവക്ക് 2016 മുതൽ ഗ്രാമപഞ്ചായത്തി
സാങ്കേതിക വിഭാഗം ഫിറ്റ്നസ്സ് നൽകുന്നില്ല. സ്കൂളിലെ കുട്ടികളുടെയും ജീവനക്കാരുടെയ
ജീവന് ഭീഷണിയായി നിലകൊള്ളുന്ന കെട്ടിട ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് ഗ്രാമപഞ്ചായത
ഭരണസമിതി ഇക്കാലമത്രയും തുടർനടപടികൾ സ്വീകരിക്കാതിരുന്നത് അത്യന്തം ഗൗരവതരമാ
സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അൺഫിറ്റായ കെട്ടിടഭാഗങ്ങ
പൊളിച്ചുമാറ്റുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ
08-2025-ലെ 2(3)-ാം നമ്പർ തീരുമാന പ്രകാരം എൽ.എസ്.ജി.ഡി അസ്സിസ്റ്റന്റ് എൻജിനീയ
ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. സ്കൂളിൽ ബാത്ത് റൂം സൗകര
അപര്യാപ്തമായതിനാൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റോ തനത് ഫണ്ടോ വകയിരുത്തി പ്രശ്
പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അൺഫിറ്റാ
കെട്ടിടങ്ങൾ പൊളിച്ചുമാറ്റി സ്കൂളിന്റെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതും ഓഡിറ്റിന് മറുപ
ലഭ്യമാക്കേണ്ടതാണ്. കൂടാതെ സ്കൂളിന് ഭീഷണിയായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന
ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 അനർഹമായ ഇളവ് നൽകി വസ്തുനികുതി നിർണ്ണയിച്ചു

ഏഴംകുളം വില്ലേജിൽ ബ്ലോക്ക് നം. 20, സർവ്വേ നം. 78/3-ലുള്ള 615 ച.മീ. പ്ലോട്ടിൽ 687.40 ച.
വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ ചെല്ലപ്പൻ നായർ, കുളഞ്ഞിവേ
കിഴക്കേതിൽ, ഏഴംകുളം എന്ന വ്യക്തിയ്ക്ക് 28.01.2023-ൽ ഇ-ബി.എ.(34752)/2023 നമ്പരായി പെർമ
അനുവദിച്ചിരുന്നു. ടിയാൻ 05.10.2023-ൽ മരണപ്പെട്ടതിനാൽ പെർമിറ്റ് മകനായ കെ.
രാധാകൃഷ്ണൻ നായരുടെ പേരിലേക്ക് മാറ്റി. കെട്ടിടത്തിന്റെ തറനിരപ്പ് നില, ഒന്നാം നി
എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്
അടിസ്ഥാനത്തിൽ പാർഷ്യൽ കംപ്ലീഷൻ അനുവദിച്ച് ചുവടെ കൊടുത്തിരിക്കുന്ന പ്രകാ
കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| 1 | 20/408/A | 43.77 |
| 2 | 408/B | 43.77 |
| 3 | 408/C | 43.77 |
| 4 | 408/D | 43.77 |
| 5 | 408/E | 43.77 |
| 6 | 408/F | 46.96 |
| 7 | 408/G | 46.96 |
| 8 | 408/H | 46.96 |
| 9 | 408/I | 46.96 |
| 10 | 408J | 46.96 |
| ആകെ | | 453.65 |

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 20
ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യ
ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേ
വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വ
നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 453.65 ച.മീ. വിസ്തീർണ്ണമു
കെട്ടിടം ഭാഗങ്ങളായി തിരിച്ച് കെട്ടിട നമ്പറുകൾ അനുവദിച്ചപ്പോൾ മുഴുവൻ വിസ്തീർണ്ണത്തിന
ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാതെയിരുന്നത് മൂലം പഞ്ചായത്തിന് വരുമ
നഷ്ടം ഉണ്ടായിട്ടുണ്ട്. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 100 ച.മീറ്ററിനു മുകളിൽ 500 ച.

വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നിർണ്ണയിക്കുന്നതിന് പകരം 100 ച.മീ. വര
വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിനാ
ഉപയോഗിക്കുന്ന 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ളവയ്ക്ക് പഞ്ചായത്ത് നിശ്ചയിച്ചിരിക്കു
നിരക്ക് ച.മീറ്ററിന് 53 രൂപയും 100 ച.മീ.-ന് മുകളിൽ 500 ച.മീ. വരെയുള്ളവയ്ക്ക് 74 രൂപയുമാ
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിട നികുതി കണക്കാക്കിയത് (53/ച.മീ നിരക്കിൽ) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടെ | കെട്ടിട നികുതി കണക്കാക്കേണ്ടിയിരുന്നത് (74/ച.മീ നിരക്കിൽ) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ഉൾപ്പെടെ |
|---|---|---|---|
| 20/408/ A | 43.77 | 2784 | 3887 |
| 408/B | 43.77 | 2784 | 3887 |
| 408/C | 43.77 | 2784 | 3887 |
| 408/D | 43.77 | 2784 | 3887 |
| 408/E | 43.77 | 2784 | 3887 |
| 408/F | 46.96 | 2987 | 4170 |
| 408/G | 46.96 | 2987 | 4170 |
| 408/H | 46.96 | 2987 | 4170 |
| 408/I | 46.96 | 2987 | 4170 |
| 408/J | 46.96 | 2987 | 4170 |
| **ആകെ** | | **28855** | **40285** |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ 11430 രൂപയുടെ (40285-28855) കുറ
വന്നിട്ടുണ്ട്. ആയത് ആവർത്തന സ്വഭാവത്തിലുള്ള നഷ്ടവുമാണ്.

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകി
ഓഡിറ്റ് എൻക്വയറിയ്ക്ക് (21/16.08.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി അടിയന്തിരമാ

പുനർനിർണ്ണയിച്ച്, കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റി
അറിയിക്കേണ്ടതാണ്.

## 1-15 സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ നിർമ്മാണത്തിന് ഫീസ് ഒടുക്കിയില്ല

ഏനാത്ത് വില്ലേജ് സർവ്വേ നം. 82/10, 82/12, 82/20 എന്നിവയിലുള്ള 885 ച.മീ. പ്ലോട്ടിൽ 829.67 ച. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സജീവൻ, ശ്രീമതി ദ സജീവൻ (ശാന്താലയം, അറുകാലിക്കൽ നെടുമൺ പി.ഒ.) എന്നിവർക്ക് 31.05.2024-ൽ ഇ-ബി. (183973)/2024 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. ആകെ 885 ച.മീ. പ്ലോട്ട് വിസ്തീർണ്ണത്തിൽ ച.മീ. (സർവ്വേ നം. 82/12) സ്വഭാവ വ്യതിയാനം വരുത്തിയ പുരയിടമാണ്. അപ്രകാരമുള്ള ഭൂമിയി സാധാരണ ഗതിയിൽ 3000 ച.അടി (278.71 ച.മീ) വിസ്തീർണ്ണമുള്ള കെട്ടിടം മാത്രമാ നിർമ്മിക്കുവാൻ സാധിക്കുന്നത്. നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർ 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന ഓരോ ചതുരശ്ര അടിക്കും രൂപ വീതം 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 12(9)-ന്റെ പട്ടികയിലെ കുറിപ്പ് (1) പ്രകാരം ഫീസ് ഒടുക്കേണ്ടതാണ്. പെർമിറ്റ് അനുവദിക്കുന്നതിന് മു ആയത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്. ആകെ 8930.49 ച.അടി. വിസ്തീർണ്ണത്തിനാണ് പെർമ അനുവദിച്ചിട്ടുള്ളത്. 3000 ച.അടിയിൽ അധികരിച്ചുള്ള 5930.49 ച.അടി വിസ്തീർണ്ണത്ത ച.അടിയ്ക്ക് 100 രൂപ നിരക്കിൽ ആകെ 593049 രൂപ ഫീസായി ഒടുക്കേണ്ടതായിരുന്നു. ഫീ ഒടുക്കിയതിനിന്റെ ചലാൻ പകർപ്പ് പെർമിറ്റിനായി ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (23/16.08.2025) നൽകിയെങ്കില മറുപടി ലഭ്യമാക്കിയിട്ടില്ല. അധികരിച്ച വിസ്തീർണ്ണത്തിന് നിയമാനുസൃത ഫീ ഒടുക്കിയിട്ടുണ്ടെങ്കിൽ ചലാൻ ഹാജരാക്കാൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം സർക്കാരിനുണ്ടായ റവന്യൂ നഷ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 1-16 വാണിജ്യകെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

ഏഴംകുളം വില്ലേജിൽ ബ്ലോക്ക് നം. 19, സർവ്വേ നം. 56/6-1, 56/6-2 എന്നിവയിലുള്ള 1316 ച.മീ. പ്ലോട്ടി 536.81 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ജോർജ്ജ് തോമ ചിറ്റുണ്ടയിൽ ജിയോ ഭവൻ എന്ന വ്യക്തിയ്ക്ക് 16.01.2025-ൽ ഇ-ബി.എ (18411)/2024 നമ്പരായി പെർമ

അനുവദിച്ചിരുന്നു. ആയത് പ്രകാരം നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിച്ച് 17/524 എന്ന കെട്ടിട നമ്പ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം 571.80 ച.മീറ്ററാണ്. പെർമിറ്റി അധികരിച്ച് നിർമ്മിച്ച 34.99 ച.മീ. ക്രമവത്ക്കരിച്ചാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്. പെർമി ഒക്യുപ്പൻസി ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്ന

1. പെർമിറ്റ് ആപ്ലിക്കേഷൻ ഫീസായി 10.10.2024-ലെ 1240303127 നമ്പർ രസീത് പ്രകാരം 150 രൂ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. സ.ഉ.(കൈ.)നം.97/2024/ത.സ്വ.ഭ.വ തീയതി 30.07.2024 ഉത്തര പ്രകാരം പെർമിറ്റ് ആപ്ലിക്കേഷൻ ഫീസുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 2000 രൂപയാണ് ഫീസ് ഈടാക്കേണ്ടിയിരുന്ന

2. പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ച വാണിജ്യാവശ്യത്തിനായാണ്. എന്നാൽ അസസ്സ് ചെയ്തിട്ടുള്ളത് വ്യവസായാവശ്യത്തിനുള്ളവ-കോ വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽഷെഡ്, സ്റ്റോറേജ് ഷെഡ് എ ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 8 രൂപ നിരക്കിലാണ്. 'വാണിജ്യാവശ്യം- 500ച.മീറ്ററിന് മുകളി എന്ന ഗണത്തിൽപ്പെടുത്തി ച.മീറ്ററിന് 84 രൂപ നിരക്കിലായിരുന്നു ടി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിലവിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്ന വിധം</u>

| വിസ്തീർണ്ണം | നികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | ഇളവ് | വർദ്ധനവ് | ആകെ വസ്തുനികുതി |
|---|---|---|---|---|---|
| 571.80 | 8 | 4574 | 457+457=914 (ദ്വിതീയ മേഖല- 10% കുറഞ്ഞ തരം മേൽക്കൂര-10%) | 914 (വഴി സൗകര്യം 5 മീറ്ററിൽ കൂടുതൽ- 20%) | 4574 |

<u>യഥാർത്ഥത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടിയിരുന്ന വിധം</u>

| വിസ്തീർണ്ണം | നികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | ഇളവ് | വർദ്ധനവ് | ആകെ വസ്തുനികുതി |
|---|---|---|---|---|---|
| 571.80 | 84 | 48031 | 4803+4803=9606 (ദ്വിതീയ മേഖല- 10% കുറഞ്ഞ തരം മേൽക്കൂര-10%) | 9606 (വഴി സൗകര്യം 5 മീറ്ററിൽ കൂടുതൽ- 20%) | 48031 |

ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തിയത് മൂലം പഞ്ചായത്തിന് പ്രതിവർഷം 43457 രൂപയു നികുതി നഷ്ടം ഉണ്ടാവുന്നുണ്ട്. ആപ്ലിക്കേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്നത വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകളും ചൂണ്ടിക്കാണിച്ച് നൽകിയ ഓഡ എൻക്വയറിയ്ക്ക് (20/16.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് വസ്തുനികുതി അടിയന്തിരമായി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റി അറിയിക്കേണ്ടതാണ്.

## 1-17 വിദ്യാഭ്യാസ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചതിൽ അപാകതകൾ

ഏഴംകുളം വില്ലേജ് സർവ്വേ നം. 672/2-1, 672/2-2 എന്നിവയിലുള്ള 1862 ച.മീ. പ്ലോട്ടിൽ 597.6 ച. വിസ്തീർണ്ണമുള്ള വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഗ്യാലക്സി ചാരിറ്റബി ട്രസ്റ്റിന് 09.11.2021-ൽ ഇ-ബി.എ.(313142)/2021 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. ആയത് പ്രകാ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 03.03.2025- ഒക്യുപ്പൻസി അനുവദിച്ച് 7/450/A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. അസ്സസ്മെന്റ് വിവരങ്ങ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം (ച.മീ.) | കെട്ടിട നം. |
|---|---|---|
| സെല്ലാർ | 108 | 7/450/A |
| തറനിരപ്പ് നില | 281 | |
| ഒന്നാം നില | 210 | |

| ആകെ | 599 | |
|---|---|---|

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 670 ച.മീറ്ററാണ്. കംപ്ലീഷൻ പ്ലാ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം (ച.മീ.) |
|---|---|
| സെല്ലാർ | 108 |
| തറനിരപ്പ് നില | 281 |
| ഒന്നാം നില | 281 |
| **ആകെ** | **670** |

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള 670 ച.മീ. വിസ്തീർണ്ണത്തിൽ 599 ച.മീ. മാത്രമാണ് അസ്സ ചെയ്തിട്ടുള്ളത്. 71 ച.മീ. ക്രമവത്ക്കരിക്കുകയോ അസ്സസ്സ്മെന്റ് നടത്തുകയോ ചെയ്തിട്ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (37/18.08.20 സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കുന്നതിന് നടപടിക സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ച

2024-25 വർഷം ഒക്യുപ്പൻസി അനുവദിച്ച ഫയലുകളുടെ പരിശോധനയിൽ പെർമ അധികരിച്ചുള്ള നിർമ്മാണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ച് നൽകിയതാ ശ്രദ്ധയിൽപ്പെട്ടു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. എനാത്ത് വില്ലേജ് ബ്ലോക്ക് നം.18 സർവ്വേ നം. 498/1-2-ലുള്ള 420 ച.മീ. പ്ലോട്ടിൽ 98 ച. വിസ്തീർണ്ണമുള്ള വ്യവസായ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ വേണു വി., മുളയ്ക്കൽ വീട്, എനാര എന്ന വ്യക്തിയ്ക്ക് 05.07.2022-ൽ ഇ1-ബി.എ.(222790)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്ന ആയത് പ്രകാരം നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിച്ച് 14/544/A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടു കംപ്ലീഷൻ പ്ലാൻ, എ.ഇ.യുടെ പരിശോധനാ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടത്തിന്റെ ആ വിസ്തീർണ്ണം 195.68 ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് നിർമ്മാണം നടത്തിയ 97.68 ച.മീ ഫീ ഈടാക്കി ക്രമവത്ക്കരിച്ചിട്ടുള്ളതായി കാണുന്നില്ല.

2. ഏഴംകുളം വില്ലേജ് ബ്ലോക്ക് നം. 19 സർവ്വേ നം. 16/2-ലുള്ള 1150 ച.മീ. പ്ലോട്ടിൽ 932.71 ച. വിസ്തീർണ്ണമുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് എൽ.ഐ.സി.-യ്ക്ക് 17.02.2022-ൽ ഇ1-ബി.എ.(60683)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. ആയത് പ്രകാ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 20.01.2025- ഒക്യുപ്പൻസി അനുവദിച്ച് 17/94/A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാ അസിസ്റ്റന്റ് എഞ്ചിനീയറുടെ 23.12.2024-ലെ പരിശോധനാ റിപ്പോർട്ട് എന്നിവ പ്രകാരം ആ വിസ്തീർണ്ണം 944.08 ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് നിർമ്മാണം നടത്തിയ 11.37 ച.മീ ഫീ ഈടാക്കി ക്രമവത്ക്കരിച്ചിട്ടുള്ളതായി കാണുന്നില്ല.

പെർമിറ്റിൽ അധികരിച്ചുള്ള നിർമ്മാണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചത് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (38&39/18.08.2025) സെക്രട്ട മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കുന്നതിന് നടപടികൾ സ്വീകര ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ചട്ടവിരുദ്ധമായി ഒക്യുപ്പൻസി അനുവദിച്ചു

ഏനാത്ത് വില്ലേജ് ബ്ലോക്ക് നം. 18, സർവ്വേ നം. 269/17, 269/7, 269/3-2, 269/3-4, 269/3-5 എന്നിവയിലുള്ള ച.മീ. പ്ലോട്ടിൽ 996.67 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ തോമ ജോർജ്ജ്, ശ്രീമതി ആലീസ് ജോർജ്ജ്, ശ്രീ ടെനി ജോർജ്ജ് തോമസ് (എവർഗ്രീൻ ബംഗ്ലാവ്, കി കൈതപ്പറമ്പ്) എന്നിവർക്ക് 16.06.2019-ൽ ഇ1-ബി.എ.(356227)/2019 നമ്പരായി പെർമ അനുവദിച്ചിരുന്നു. ആയത് പ്രകാരം നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 04.09.2024-ൽ ഒക്യുപ്പൻസി അനുവദിച്ച് 14/564/A, 14/564 14/564/C എന്നീ കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്. പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 141 ച.മീ. ഫീസ് ഈടാക്കി ക്രമവത്ക്കരിച്ചാണ് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്. കംപ്ലീഷൻ പ്ലാ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം (ച.മീ.) | റിമാർക്ക് |
|---|---|---|
| തറനിരപ്പ് നില | 161.71 | പാർക്കിംഗ് |
| | 299.70 | ഷോപ്പ് |
| | 161.71 | മെസ്സാനിൻ നില |
| ഒന്നാം നില | 468.41 | ഷോപ്പ് |

| | | |
|---|---|---|
| രണ്ടാം നില | 46.78 | ടെറസ് ഫ്ലോർ |
| ആകെ | 1138.31 | |

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2011, ചട്ടം 40 പ്രകാരം മെസ്സാനിൻ നിലയു വിസ്തീർണ്ണം അത് ഉൾക്കൊള്ളുന്ന പ്രധാന നിലയുടെ അല്ലെങ്കിൽ മുറിയുടെ വിസ്തീർണ്ണത്തിന് മൂന്നിൽ ഒന്നിൽ അധികരിക്കാൻ പാടില്ലാത്തതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം തറനിരപ്പ് നില നിലയുടെ ആകെ വിസ്തീർണ്ണം 461.41 ച.മീറ്ററും മെസ്സാനിൻ നിലയുടെ വിസ്തീർണ്ണം 161 ച.മീറ്ററുമാണ്. മെസ്സാനിൻ നിലയുടെ അനുവദനീയമായ വിസ്തീർണ്ണം 153.80 ച.മീ. മാത്രമാണ്. 7 ച.മീ. അധികമായി നിർമ്മാണം നടത്തിയിട്ടുണ്ട്. ചട്ടങ്ങൾ പാലിക്കാതെ നിർമ്മാണ പൂർത്തിയാക്കിയ കെട്ടിടത്തിന് ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ആവശ്യ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/16.08.25) അപാകത പരിഹരിക്കുന്നതിന് കെട്ടിട ഉടമയ് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിലെ ചട്ട ലംഘ ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചു

ഏഴംകുളം വില്ലേജിൽ ബ്ലോക്ക് നം. 19, സർവ്വേ നം. 241/7-ലുള്ള 602 ച.മീ. പ്ലോട്ടിൽ 346 ച. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. ജോൺ മാത്യു, ശങ്കരപറമ്പി ഏഴംകുളം എന്ന വ്യക്തിയ്ക്ക് 01.07.2022-ൽ ഇ-ബി.എ.(217579)/2022 നമ്പരായി പെർമ അനുവദിച്ചിരുന്നു. ആയത് പ്രകാരം നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിച്ച് 20/382/A, 382/B, 382/C, 382/D, 38 എന്നീ കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം 373 ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച 27.19 ച.മീ. ക്രമവത്ക്കരിച്ചാണ് ഒക്യുപ്പൻ അനുവദിച്ചിട്ടുള്ളത്. പെർമിറ്റ്, ഒക്യുപ്പൻസി ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റഗുലറൈസേഷൻ ഫീസായി 28.11.2024-ലെ 1240303545 നമ്പർ രസീത് പ്രകാരം 1296 രൂപ മാത്രമാ ഈടാക്കിയിട്ടുള്ളത്. 27.19 ച.മീ. ക്രമവത്ക്കരിക്കുന്നതിന് 5438 (27.19*200) രൂപ ഫീ ഈടാക്കേണ്ടതായിരുന്നു. 4142 രൂപ കുറവായാണ് ഈടാക്കിയിട്ടുള്ളത്.

2. പ്ലോട്ടിൽ 103.29 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം (20/383) നിലവിലുള്ളതായി പെർമി കംപ്ലീഷൻ പ്ലാൻ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ സഞ്ച പ്രകാരമുള്ള ആകെ വിസ്തീർണ്ണം 70 ച.മീ. മാത്രമാണ്. 33.29 ച.മീ. വിസ്തീർണ്ണം അസ്സ ചെയ്തിട്ടുള്ളതായി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 3 (1) പ്രകാരം സൈറ്റും അതിൽ നിലവിലുള്ള കെട്ടിടങ്ങളും നിയമാനുസൃതമാണെങ്കിൽ മാത്ര പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലോ പരിവർത്തനമോ നടത്തുന്നതിനും പെർമിറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കര നിയമാനുസൃതമാക്കാതെയാണ് പുതിയ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചിട്ടുള്ളതെ കാണുന്നു.

ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിനും അനധികൃത നിർമ്മാണ ക്രമവത്ക്കരിക്കാതെ പെർമിറ്റ്, ഒക്യുപ്പൻസി എന്നിവ അനുവദിച്ചതിനും വിശദീകരണ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/16.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറ വന്ന ഫീസ് ഈടാക്കുന്നതിനും അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനും നടപടിക സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം; വ്യവസായങ്ങൾക്കും ഫാക്ടറികൾക്ക വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകു ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തി യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ 2024 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 1/04/2024 മുതൽ 23/09/2024 വരെയുള്ള ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ലഭ്യമാകാത്തതിനാ ആയത് ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും രജിസ്റ്റർ ലഭ്യമാക്കിയി ആയതിനാൽ, എത്രെല്ലാം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട് എന്നതിന്റെ കൃത്യ വ്യക്തമായിട്ടില്ല.

(2) 2024-25-ൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഡേറ്റ ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കാ സാധിച്ചിട്ടില്ല.

(3) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യ ആശുപത്രിക പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന്റെയും, ലൈസൻസ് എടുത്തതിന്റെയും വിവരങ്ങ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/ 16.08.2025) മറുപ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ടി ആശുപത്രികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എ വ്യക്തമല്ല.

| ക്രമ നം. | ആശുപത്രി/ ഉടമ | കെട്ടിട നം. |
|---|---|---|
| 1 | A.S.M ഹോസ്പിറ്റൽ, പ്ലാന്റേഷൻ മുക്ക്, ത്രേപ്പുപാറ | 3/92 |
| 2 | ഡോ. ജോൺ കോശി, മഠത്തിലഴികത്ത്, ഏനാത്ത് | 12/321, 12/323 |
| 3 | കരുണാകരൻസ് നഴ്സിംഗ് ഹോം, ഏനാത്ത് | 14/516 |
| 4 | K.M. രാജു, കൊച്ചുതുണ്ടിൽ, പറക്കോട് | 20/679, 20/685, 20/686 |
| 5 | ഷാജഹാൻ, ഷാജഹാൻ മൻസിൽ, ഏനാത്ത് | 14/1033, 14/1034, 14/1051 |
| 6 | ഡോ. അജയകുമാർ, ഗീതം, ഏനാത്ത് | 14/999 |
| 7 | ഡോ. കെ. വിജയൻ, മുളയ്ക്കൽ വീട്, ഇളംഗമംഗലം, ഏനാത്ത് | 14/746, 14/748, 14/749 |
| 8 | രാജൻ. പി, രത്നമംഗലം, ഏനാത്ത് | 14/741 |
| 9 | ഡോ. സതീശൻ, വഞ്ചിപ്പുഴയത്ത്, മണ്ണടി | 14/609 |
| 10 | ഡോ. കെ. ജി. വർഗ്ഗീസ്, കരയാലഴിയത്ത്, ഏനാത്ത് | 12/636 |
| 11 | റെജി കോശി, റെജി വില്ല, ഏനാത്ത് | 12/555 |

ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(4) 2024-25 വർഷത്തെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ, മിക്ക അപേക്ഷകളില ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം എന്നിവ രേഖപ്പെടുത്തിയിട്ടി ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയ ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. അപേക്ഷകൾ സ്വീകരിക്കു സമയത്തു തന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടിക സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(5) ഹരിതകർമ്മസേനയുടെ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിൽ ലഭ്യമായ ഡാറ്റ പ്രകാര പഞ്ചായത്ത് പരിധിയിൽ 714 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, 2024 സാമ്പത്തിക വർഷത്തേക്ക് 442 പേരാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ട വന്നിട്ടില്ലെന്നാണ് വ്യക്തമായത്.

(6) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ടു പ്രകാര ഏഴംകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ 18 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം, ഇ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. റേഷൻ റീട്ടെയിൽ ഷോപ്പുക ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16.08.2025) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമാ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയ ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാ വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയി ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലി തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കൽ-റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും വിവി വാർഡുകളിൽ നിന്നും പിരിച്ചെടുക്കേണ്ട 1223028 രൂപയുടെ വസ്തുനികുതി കുടിശ്ശിക തുകകൾക്ക റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില കെട്ടിടങ്ങ കോടതി സ്റ്റേ നിലവിലുള്ളതായും കാണിച്ചിട്ടുണ്ട്. ആയതിന്റെ വാർഡ് അടിസ്ഥാനത്തിലു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കുടിശ്ശിക തുക |
|---|---|---|
| 1 | 1 | 2548 |
| 2 | 3 | 43788 |
| 3 | 4 | 24697 |
| 4 | 5 | 101690 |
| 5 | 6 | 7638 |
| 6 | 8 | 5968 |
| 7 | 9 | 19258 |
| 8 | 11 | 34177 |
| 9 | 12 | 66054 |
| 10 | 13 | 65032 |
| 11 | 14 | 301855 |
| 12 | 15 | 14243 |
| 13 | 16 | 32044 |
| 14 | 18 | 10558 |
| 15 | 19 | 16730 |
| 16 | 20 | 476748 |
| | **ആകെ** | **1223028** |

പ്രസ്തുത കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടിക സ്വീകരിച്ചതിന്റെയും കോടതി സ്റ്റേ നിലവിലുള്ള കേസുകളിൽ അവ ഒഴിവാക്കി കിട്ടുന്നത

സ്വീകരിച്ച നടപടികളുടെയും വിവരങ്ങൾ ബന്ധപ്പെട്ട ഫയലുകളും രേഖകളും സഹിത പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (51/19.08.25) മറുപ ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതിയുടെ ആകെ കളക്ഷൻ ശതമാനം കണക്കാക്കുമ്പോൾ റവന റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച കുടിശ്ശിക തുകകൾ കളക്ഷനാ കണക്കാക്കുന്നുണ്ട്. 2013-14 മുതലുള്ള കുടിശ്ശിക തുകകൾ റവന്യൂ റിക്കവറി നടപടിക സ്വീകരിച്ചിട്ടുള്ളവയുടെ ലിസ്റ്റിൽ ഉണ്ടെങ്കിലും യഥാർത്ഥത്തിൽ നടപടികളൊന്ന സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 243 പ്രകാരം ഒരു പഞ്ചായത്തി കിട്ടാനുള്ള ഏതെങ്കിലും നികുതിക്കോ മറ്റു സംഖ്യക്കോ യാതൊരു ജപ്തിയും, യാതൊ വ്യവഹാരവും, യാതൊരു പ്രോസിക്യൂഷൻ നടപടിയും ആ നികുതിയേയോ, സംഖ്യയേ സംബന്ധിച്ചിടത്തോളം, അതതു സംഗതിപോലെ, ജപ്തി ആദ്യമേ നടത്തുകയോ വ്യവഹാരം ആദ്യ കൊടുക്കുകയോ പ്രോസിക്യൂഷൻ നടപടി ആദ്യമേ തുടങ്ങുകയോ ചെയ്യാമായിരുന്ന തീയ മുതൽ മൂന്നു വർഷം കഴിഞ്ഞതിനുശേഷം നടത്തുകയോ, കൊടുക്കുകയോ, തുടങ്ങുകയ ചെയ്യാൻ പാടില്ലാത്തതാകുന്നു എന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. കുടിശ്ശിക തുകകൾ ഈടാക്ക യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നാൽ അവ കാലഹരണപ്പെട്ടുപോകാ ഇടയാകുന്നതാണ്. കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ അടിയന്തിരമായി റവന്യൂ റിക്കവ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയു ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട്, ന നമ്പറുകളിലുള്ള കടമുറികൾ 2024-25 വർഷം വാടകയ്ക്ക് നൽകിയിട്ടില്ല. യഥാസമയം മുറിക വാടകയ്ക്ക് നൽകാതിരുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതി കാരണം അറിയിക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് (16/ 12.08.2025) മറുപടി ലഭിച്ചിട്ടില്ല.

## 1-24 കടമുറികൾ വാടകയ്ക്ക് നൽകി പിഴപ്പലിശയും കുടിശ്ശികയും ഈടാക്കിയില്ല

(1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന കടമുറികളിൽ നിന്ന പിഴപ്പലിശ ഈടാക്കിയിട്ടില്ല.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നം. | പിഴപ്പലിശ ഈടാക്കാനുള്ള കാലയളവ് | തുക |
|---|---|---|---|
| ഏനാത്ത് | 1 | ഏപ്രിൽ 2024 - ഓഗസ്റ്റ് 2024 | 300 |
| | 2 | മെയ് 2024 - ജൂലൈ 2024 | 63 |
| | 3 | ഏപ്രിൽ 2024 - ജൂലൈ 2024 | 84 |
| ഏഴംകുളം | 5 | ഏപ്രിൽ 2024 - ഒക്ടോബർ 2024 | 377 |
| | 7 | സെപ്റ്റംബർ2024 - ഒക്ടോബർ 2024 | 539 |

പിഴപ്പലിശ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) പഞ്ചായത്ത് കമ്മിറ്റിയുടെ 14/05/2024-ലെ 2-ാം നമ്പർ തീരുമാനത്തിൽ, ഏഴംകുളം ഷോപ്പിം കോംപ്ലക്സ് റൂ നം. 1 വാടകയ്ക്കെടുത്തിരുന്ന ശ്രീ. ഓമനക്കുട്ടൻ, ശ്രീശൈലം. ഏനാത്ത് എന്നയാ 2023 ഏപ്രിൽ മുതൽ 2024 മാർച്ച് മാസം വരെയുള്ള വാടകയിനത്തിൽ 48327 രൂപ കുടിശ്ശി വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/ 12.08.2025) മറുപ ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തി ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/ 06.08.2025) മറുപടി ലഭ്യമാക്കി.

| ക്രമ നം. | കരാറുകാരൻ | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|
| 1 | ഷീജ കമറുദ്ദീൻ | തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | |

| | | |
|---|---|---|
| 2 | ജെയിംസ് മാത്യു | തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 3 | കെ. ആർ. കൃഷ്ണകുമാർ | തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 4 | രാജേഷ്. കെ | തൊഴിൽ നികുതി അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| 5 | സോമരാജൻ | നിലവിൽ കരാർ പ്രവൃത്തി ചെയ്യുന്നില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

കരാറുകാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ഫണ്ട് വിനിയോഗത്തിലെ കുറവ്- ഫണ്ട് ഷോർട്ട്ഫാളിന് കാരണമാകും

സ.ഉ (കൈ) നം. 79/2021/ധന. തീയതി 15-07-2021 പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാ സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിത സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയി നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദി ഫണ്ടിന്റെ 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം ൽ കുറവാണെങ്കിൽ യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80 % എന്നിവയ തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫാൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി/ടി.എസ്. ഫണ്ടുകളിൽ സംഭവിക്കുന്ന ഇപ്രകാരമുള്ള ഷോർട്ട് ഫാൾ തുക തുടർന്നുള്ള വർഷങ്ങളി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാ 2024-25 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ് & നോൺ റോഡ്) വിഭാഗത്തിൽ ശതമാനത്തിലധികം ചെലവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. തൻവർഷം 80 ശതമാനത്തി അധികം തുക ചെലവഴിക്കാതെ ഷോർട്ട് ഫാളായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ ചുവ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അനുവദിക്കുന്ന പരമാവധി | ഷോർട്ട് ഫോൾ(തിരികെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ക്യാരി ഓവർ തുക (2024-25 വർഷത്തേക്ക്) | കിട്ടാത്ത തുക) |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 48107000 | 30114614 | 62.60 | 9621400 | 8370986 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 9553000 | 7241587 | 75.80 | 1910600 | 400813 |

അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫ വകയിരുത്തി 162 പ്രോജക്ടുകളിൽ 97 പ്രോജക്ടുകളിലും നോൺ റോഡ് വിഭാഗത്തിൽ പ്രോജക്ടുകളിൽ 8 പ്രോജക്ടുകളിലുമാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. മെയിന്റനൻ ഗ്രാന്റിനത്തിൽ അലോട്ട്മെന്റായി ലഭിച്ച 48107000 രൂപയിൽ 30114614 രൂപയുടെ ചെലവ് മാത്രമാ നടന്നത്. 17992386 രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടന്നില്ല. 2024-25 വർഷം ആവിഷ്കരി ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും ചെലവുണ്ടായില്ല. സ്പിൽ ഓവർ പ്രവൃത്തികളു നിർവ്വഹണമാണ് നടന്നിട്ടുള്ളത്. തൻ വർഷം ആവിഷ്കരിക്കുന്ന പ്രോജക്ടുകളിലെ ടെണ്ട നടപടികളിലുണ്ടാകുന്ന കാലതാമസമാണ് പദ്ധതി നിർവ്വഹണത്തെ ഗുരുതരമായി ബാധിക്കുന്ന പദ്ധതിചെലവിലുണ്ടാകുന്ന കുറവ് തുടർ വർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെ ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടല ഉണ്ടാകേണ്ടതാണ്.

## 1-27 ആവിഷ്കരിച്ച പ്രോജക്ടുകൾ ചെലവില്ലാതെ കടലാസ്സിൽ മാത്രം ഒതുങ്ങി

ഒരു പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ ഏറ്റവും ആവശ്യമായ പരിശോധന പ്രസ്തുത പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയുമോ എന്നതാണ്. പ്രോജക്ടിന്റെ ആവശ്യകത ജനങ്ങളി നിന്നും ഗ്രാമസഭകൾ വഴി ഉണ്ടാകേണ്ടതാണ്. ഭരണസമിതി അംഗങ്ങളുടെയോ വർക്കിംഗ് ഗ്രൂ അംഗങ്ങളുടെയോ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ സ്വന്തം ഇഷ്ട പ്രകാരം ആവിഷ്കരിക്കു പദ്ധതികൾക്ക് വേണ്ടത്ര ലക്ഷ്യപ്രാപ്തി ഉണ്ടാകാറില്ല. പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ മതിയാ

ഫണ്ട് വകയിരുത്താൻ സാധിക്കുമോ എന്നതും പരിശോധിക്കേണ്ടതാണ്. തദ്ദേശസ്വയംഭര സ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന ബഡ്ജറ്റ് പ്രൊവിഷനിലെ തുക യഥാർത്ഥത്തി ലഭിക്കണമെന്നില്ല. ഇപ്രകാരം ഒരു സാഹചര്യം ഉണ്ടായാൽ അതിനെ മറികടക്കാൻ മറ്റ് ഫ സ്രോതസ്സുകൾ കണ്ടെത്തി പ്രോജക്ട് നടപ്പിലാക്കാൻ ശ്രമിക്കുന്നതിന് പകരം അവ പൂർണ്ണമാ ഉപേക്ഷിച്ച് തുടർ വർഷങ്ങളിലും ഇപ്രകാരമുള്ള പരീക്ഷണങ്ങൾക്ക് വിധേയമാക്കുകയാ നിലവിൽ ചെയ്യുന്നത്.

തനത് ഫണ്ട് പര്യാപ്തമായിട്ടുള്ള ഏഴംകുളം ഗ്രാമപഞ്ചായത്തിൽ 1.42 കോടി രൂപ (തനത്ഫ വിവിധ പ്രോജക്ടുകൾക്ക് വകയിരുത്തിയെങ്കിലും 42 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഏനാത്ത് മാർക്കറ്റിൽ മാലി സംസ്കരണം എന്ന പ്രോജക്ടിന് 18 ലക്ഷം രൂപ തനത് ഫണ്ട് ഉൾപ്പെടെ 1.48 കോടി രൂപയുടെ പ്രോജ ആവിഷ്കരിച്ചെങ്കിലും ആകെ 1000 രൂപയാണ് ചെലവഴിച്ചത്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണത്തിന് നൽകിയ 26 പ്രോജക്ടുകളിൽ 16 എണ്ണമാ നടപ്പിലാക്കിയത്. സാമാന്യ യുക്തിയ്ക്ക് നിരക്കാത്ത കാരണങ്ങളാലാണ് പല പ്രോജക്ടുകള നടപ്പിലാക്കാൻ സാധിക്കാഞ്ഞത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (12/11.8.2025) മറുപടിയി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാർക്ക് പെട്ടിക്കട, വനിതകൾ പെട്ടിക്കട ബങ്ക് എന്നീ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിക്ക തയ്യാറാക്കിയതും സാമ്പത്തിക വർഷാവസാനം ആയവ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറ കൈമാറുകയും ചെയ്തു. റിംഗ് കമ്പോസ്റ്റും ഗാർഹിക ബയോഗ്യാസ് പ്ലാന്റും എന്ന ര പ്രോജക്ടുകൾ കരാർ വെച്ച ഏജൻസിയ്ക്ക് തുക കൈമാറാനുള്ള ഉത്തരവിൽ അവ്യക്ത കാരണമാണ് തൻവർഷം ഉപേക്ഷിച്ചത്. നിർമ്മൽ ഗ്രാമം നിർമ്മൽ ജില്ലാ എന്ന പദ്ധ നടപ്പിലാക്കാഞ്ഞത് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ ഗുണഭോക്താക്കൾ കാണിച്ച വിമു മൂലമാണ്.

സെക്രട്ടറി നിർവ്വഹണം നടത്താതെ മിക്ക പ്രോജക്ടുകളും 2025-26 വർഷത്തേക്ക് സ്പി ഓവറാക്കിയിട്ടുണ്ടെന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/11.8.20 മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം പ്രോജക്ടുകളും എന്ത് കാരണംകൊണ്ടാണ് ത വർഷം നടപ്പിലാക്കാഞ്ഞത് എന്ന് വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ടുകളുടെ നടത്തിപ്പിന്റെ അവലോകനം സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതിയ വേണ്ടത്ര ജാഗ്രതയോടെ നടത്താത്തതാണ് മേൽ സൂചിപ്പിച്ച അപാകതകൾക്ക് പ്രധാന കാരണ

പ്രോജക്ടുകളുടെ നടത്തിപ്പിൽ കൃത്യമായ മോണിട്ടറിംഗ് ഏർപ്പെടുത്തി ഫണ്ടുക ലാപ്സാകാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രമിക്കേണ്ടതാണ്.

## 1-28 കരാർ കാലയളവ് ദീർഘിപ്പിച്ച് വാങ്ങാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല (ഓഡിറ്റ് ഇംപാക്ട്)

കരാർ കാലയളവിനുളളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും എഗ്രിമെന്റി വ്യവസ്ഥ ചെയ്ത പ്രകാരമുളള പിഴ ഈടാക്കിയിട്ടില്ല. കരാർ ഉടമ്പടി പ്രകാരം പ്രവൃത്ത പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷ പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാര പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകേണ്ടതും, കര കാലാവധി നീട്ടികൊടുക്കുമ്പോൾ അനുബന്ധ കരാർ (Supplementary Agreement) വയ്ക്കേണ്ടതുമാ എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാർ കാലയള ദീർഘിപ്പിക്കുന്നതിന് അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റിന്റെ അടിസ്ഥാനത്തി അവർക്ക് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ കേരള പൊതുമരാമ മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓര ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയ ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുളള പിഴ ഈടാക്കാതിരുന്നതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ട നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പൂർത്തിയാക്കിയ തീയതി | കാലതാമസം (ആഴ്ചയിൽ) | ഈടാക്കേണ്ടിയിരുന്ന ലിക്വിഡേറ്റഡ് ഡാമേജ് തുക |
|---|---|---|---|---|
| പുതുമല – മുകുളുവിളപടി റോഡ് റീ കോൺക്രീറ്റിംഗ് (231/24,248/25) | 15-09-2023 | 23-03-2024 | 27 | 3754 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ തുക - 200000 (MG-R)<br>കരാർ നമ്പർ- 17/2023-24/AE/LSGD/EKLM Dtd 15-05-2023<br>കരാർ കാലാവധി- 4 മാസം<br>കരാറുകാരന്റെ പേര്- സോമരാജൻ ഡി<br>കരാർ തുക - 139055<br>പ്രവൃത്തി മൂല്യം – 139012<br>ചെലവ് തുക - 164035 | | | | |
| | മുണ്ടകപ്പോയ്യ- കാവഡി റോഡ് റീ കോൺക്രീറ്റിംഗ് (258/24,245/25)<br>അടങ്കൽ തുക- 350000 (MG-R)<br>കരാർ നമ്പർ-46/2022-23/AE/LSGD/EKLM Dtd 21-03-2023 | 21-08-2023 | 26-03-2024 | 31 | 7533 |

| | | | | | |
|---|---|---|---|---|---|
| | കരാർ കാലാവധി - 5 മാസം<br>കരാറുകാരന്റെ പേര് - എ.ജോസ്<br>കരാർ തുക - 243006<br>പ്രവൃത്തി മൂല്യം - 243006 | | | | |
| | കുഴിയിലഴികത്ത് പടി-നെടിയത്ത് പടി മാനുവേലിൽകാവ് റോഡ് സൈഡ് കെട്ട് (235/24,240/25)<br>അടങ്കൽ തുക - 300000 (MG-R)<br>കരാർ നമ്പർ- 10/2023-24/AE/LSGD/EKLM Dtd 19-04-2023<br>കരാർ കാലാവധി - 4 മാസം<br>കരാറുകാരന്റെ പേര് - എ. ജോസ്<br>കരാർ തുക - 200086 | 19-08-2023 | 26-03-2024 | 31 | 6203 |

| | | | | |
|---|---|---|---|---|
| പ്രവൃത്തി മൂല്യം - 200054 | | | | |
| | | | ആകെ | **17490 രൂപ** |

കരാറുകാരനിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിശദീകരണം ലഭ്യമാക്കണമെ കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.19/14.08.2025) നൽകിയിരുന്നു. ഇത് പ്രകാരം 17490 രൂപ ഈടാ (രസീത് നമ്പർ-25003230/18-08-2025,25003229/18-08-2025) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടു മരാമത്ത് പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിന് നിർവ്വഹ ഉദ്യോഗസ്ഥ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 വന്യ മൃഗങ്ങളിൽ നിന്നും വിള സംരക്ഷണം - യൂണിറ്റ് നിരക്കിൽ അധികരിച്ച് തുക അനുവദിച്ചു

| | |
|---|---|
| **പദ്ധതിയുടെ പേരും നമ്പരും** | **വന്യമൃഗങ്ങളിൽ നിന്നും വിള സംരക്ഷണം. 91/25** |
| **വകയിരുത്തിയ തുക** | വികസന ഫണ്ട് – 550000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 300000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 400000<br>ഗുണഭോക്താവ് നേരിട്ട് – 1250000<br>**ആകെ – 2500000** |
| **ചെലവഴിച്ച തുക** | **വികസന ഫണ്ട് - 548544**<br>( BRN-24050352016901553899/22.03.25 – 57580,<br>24050352016901468062/13.03.25 - 91638,<br>24050352016901468057/13.03.25 - 150000, |

| | |
|---|---|
| | 24050352016901313640/15.02.25 - 145700,<br>24050352016901687171/25.03.25 - 103626 )<br>**ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 251950**<br>( BRN- 24050352016901468060/13.05.25 - 171200,<br>24050352016901553888/19.03.25 - 54100,<br>24050352016901553933/19.03.25 - 26650 )<br>**ജില്ലാ പഞ്ചായത്ത് വിഹിതം - 39392**<br>( BRN- 24050352016901576695/22.03.25 - 16040,<br>24050352016901701779/26.03.25 - 23352 )<br>**<u>ആകെ- 839886</u>** |

വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിളകൾക്ക് സംരക്ഷണം ഒരുക്കുന്നതിന് കൃഷി ഓഫീസ നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പദ്ധതിയു ഭാഗമായി 16 കർഷകർക്ക് ചെയിൻ ലിങ്ക് ഫെൻസിംഗിനും 9 കർഷകർക്ക് സോളാർ വേ നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. ആകെ 839886 രൂപ പദ്ധതിയ്ക്കാ ചെലവഴിച്ചിട്ടുണ്ട്. ചെയിൻ ലിങ്ക് ഫെൻസിംഗിന് വാല്യുവേഷൻ തുകയുടെ 50 ശതമാനമാ (പരമാവധി 50000 രൂപ വരെ) ധനസഹായം അനുവദിച്ചിട്ടുള്ളത്. ചെലവുകൾ സംബന്ധ ഇൻവോയ്സുകൾ ഒന്നും ആവശ്യപ്പെടാതെ വാല്യുവേഷൻ അടിസ്ഥാനമാക്കിയാണ് സബ്സി അനുവദിച്ചത്. സോളാർ ഫെൻസിംഗ് സ്ഥാപിച്ചവർ ഹാജരാക്കിയ ഇൻവോയ്സുക അടിസ്ഥാനമാക്കി 50000 രൂപയിൽ അധികരിക്കാതെ 50% സബ്സിഡി അനുവദിച്ച് നൽകി. സോള ഫെൻസിംഗ് 1.5 മീറ്റർ ഉയരത്തിലും 1മീറ്റർ നീളത്തിലും സ്ഥാപിക്കുന്നതിന് 1500 രൂപ യൂണിറ്റ് കോ

ജില്ലാ തലത്തിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓരോ കർഷകനും എത്ര മീറ്റർ നീളത്തിൽ സോള
ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വിവരം ഫയലിൽ എവിടെ
രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ യൂണിറ്റ് കോസ്റ്റിൽ അധികരിച്ച് സബ്സി
അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

ചെയിൻ ലിങ്ക് ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രോജക്റ്റുകൾ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്ക
അനുമതി നൽകിക്കൊണ്ടുള്ള 30.03.2022-ലെ സ.ഉ.(സാധാ.)നം.775/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവി
ഒരു മീറ്റർ വേലി സ്ഥാപിക്കുന്നതിന് 1028 രൂപ യൂണിറ്റ് നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. യൂണ
നിരക്കിന്റെ 50 ശതമാനമാണ് പരമാവധി അനുവദിക്കാവുന്ന സബ്സിഡി. വാല്യുവേഷൻ തുകയു
അടിസ്ഥാനത്തിൽ കണക്കാക്കുന്ന സബ്സിഡി യൂണിറ്റ് നിരക്കിന്റെ 50 ശതമാനത്തി
പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ രണ്ട് ഗുണഭോക്താക്കൾക്ക് അധിക ധനസഹാ
അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചിത്രാ ഗോപി, പ്രശാന്തി ഭവൻ, അറുകാലിക്കൽ എന്ന കർഷകയ്ക്ക് 62മീ. നീളത്തിൽ ചെയ
ലിങ്ക് ഫെൻസിംഗ് സ്ഥാപിച്ചതിന്റെ സബ്സിഡി ഇനത്തിൽ 39158 രൂപ അനുവദിച്ചിട്ടു
എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ തുകയായ 78316 രൂപയുടെ
ശതമാനമാണ് അനുവദിച്ചത്. എന്നാൽ യൂണിറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ടിയാൾ
അർഹമായ സബ്സിഡി 31868 രൂപ ((62*1028)/2) മാത്രമാണ്. 7290 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2. രാജേന്ദ്രൻ പിള്ള എ.എസ്. എന്ന കർഷകന് 45 മീറ്റർ നീളത്തിൽ ചെയിൻ ലിങ്ക് ഫെൻസി
സ്ഥാപിച്ചതിന്റെ സബ്സിഡി ഇനത്തിൽ 41845 രൂപ അനുവദിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി. അസിസ്റ്റ
എഞ്ചിനീയറുടെ വാല്യുവേഷൻ തുകയായ 83690 രൂപയുടെ 50 ശതമാനമാണ് അനുവദിച്ചത് എന്നാ
യൂണിറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് അർഹമായ സബ്സിഡി 23130 രൂപ ((45*1028
മാത്രമാണ്. 18715 രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

രണ്ട് കർഷകർക്കുമായി ആകെ 26005 രൂപ അധിക ധനസഹായം അനുവദിച്ചിട്ടു
ഗുണഭോക്താക്കൾക്ക് അധിക നിരക്കിൽ സബ്സിഡി അനുവദിച്ചത്, പദ്ധതി നിർവ്വഹണത്തി
അപാകതകൾ എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ
എൻക്വയറിയ്ക്ക് (49/19.08.25) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമാ
അനുവദിച്ച തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹ
ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1.30 വാട്ടർ ടാങ്ക് വാങ്ങൽ - ടെണ്ടർ നടപടികളിൽ സുതാര്യതയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ (164/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തൽ | 303000 (വികസന ഫണ്ട്- എസ്.സി.പി)<br>101000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 237600<br>ട്രഷറി ബിൽ നം. 24050352016601718382/26.3.2025<br>79200 (ഗുണഭോക്തൃ വിഹിതം) |

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ പദ്ധതിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ആകെ ടെണ്ടറുകളാണ് ലഭിച്ചത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| നമ്പർ | സ്ഥാപനം | തുക |
|---|---|---|
| 1 | Plastbee Polymers, Kanjikode, Palakkad | 2000 |
| 2 | Mediway Healthcare, Manjeri, Malappuram | 2984 |
| 3 | Ocean Polymer Technologies Pvt. Ltd. | 3225 |
| 4 | Ponnarath Agencies, Kayamkulam, Alappuzha | 3245 |
| 5 | Dream House Furniture, Balussery, Kozhikode | 3385 |
| 6 | South In Polymers, Thenkurissi, Palakkad | 3425 |
| 7 | ARTCO Ltd., Kozhikkode | 3600 |
| 8 | Tritech Traders, Vazhuthucadu, Thiruvananthapuram | 3670 |
| 9 | We Store Enterprises, Cherppulasseri, Palakkad | 3790 |

ഇ-ടെണ്ടറിൽ കുറഞ്ഞ റേറ്റ് കോട്ട് ചെയ്ത ആറ് സ്ഥാപനങ്ങളെയും നിരസിച്ചു ഏഴാമത്തെ സ്ഥാപ കോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിച്ച് 88 വാട്ടർ ടാങ്കുകൾക്ക് സപ്ലൈ ഓർഡർ ന ഏഴാമത്തെ സ്ഥാപനത്തെ തിരഞ്ഞെടുത്തത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമ പഞ്ചായത്ത് ഭരണസമിതിയുടെ 24.2.2025-ലെ 11(1)-ാം നമ്പർ തീരുമാന പ്രകാരം മേൽ സൂചിപ്പിച്ച പോലെ ഏഴാമത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 3600 രൂപ കോട്ട് ചെയ്ത ARTCO Ltd. എ സ്ഥാപനത്തെ തെരഞ്ഞെടുക്കുകയായിരുന്നു. ഗുണമേന്മ പരിശോധന നടത്താതെയാണ് ഇപ്രകാ ഒരു നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്ട്സിൽ പ്രസ്തുത വാങ്ങ സംബന്ധിച്ച് തീരുമാനമൊന്നുമില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (30/16.8.2025) ARTCO Ltd. ഒരു സർക്കാർ ഏജൻസി ആണെന്നും ടെണ്ടർ നടപടികൾ പഞ്ചായത ഭരണസമിതി അംഗീകരിച്ചതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി. ഈ മറുപടി കൂടിയ നിരക്കിൽ വാട്ടർ ടാങ്ക് വാങ്ങിയ നടപടിയ്ക്ക് സാധൂകരണമാകുന്നില്ല. അധി വിലയുള്ള വാട്ടർ ടാങ്ക് വാങ്ങിയത് കാരണം ചുവടെ പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്-

| | |
|---|---|
| 88 വാട്ടർ ടാങ്കുകൾക്ക് ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന് നൽകിയ തുക @ 3750 | 88x3750 = 316800 |
| 88 വാട്ടർ ടാങ്കുകൾക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിന് നൽകേണ്ടി വരുമായിരുന്ന തുക @ 2000 | 88x2000 = 176000 |
| അധികം നൽകിയ തുക | 316800 – 176000 = **140800** |

അധികം നൽകിയ 140800 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിരാകരിക്കുന്നു.

## 1-31 വയോജനങ്ങൾക്ക് കട്ടിൽ പ്രോജക്ട്- ടെണ്ടർ നടപടികളിലെ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | വയോജനങ്ങൾക്ക് കട്ടിൽ (120/25) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തൽ | 412500 (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 311250<br>ട്രഷറി ബിൽ നം. 240503520166017183 87/26.3.2025 |

പട്ടികജാതി വിഭാഗത്തിൽ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ പദ്ധതിയ്ക്ക് ഇ-ടെണ ക്ഷണിച്ചതിൽ ആകെ 9 ടെണ്ടറുകളാണ് ലഭിച്ചത്. ഇതിൽ ഏഴാമത്തെ ഏറ്റവും കുറഞ്ഞ റേറ്റായ 3! രൂപ ക്വോട്ട് ചെയ്ത Kerala SIDCO Ltd. എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. പ്രോജ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. ഇ-ടെണ്ടറിൽ കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത ആറ് സ്ഥാപനങ്ങളെയും നിരസിച്ചത് എ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. ടെണ്ടർ ലഭിച്ച സ്ഥാപനങ്ങളുടെയും അവ ക്വോട്ട് ചെ നിരക്കുകളും ചുവടെ ചേർക്കുന്നു-

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1 | P G Enterprises, Vellayur Post, Malappuram | 2777 |
| 2 | Olympia Interior Enterprises, Thruvarpu,Kottayam | 3100 |
| 3 | Astamedi Tech Private Ltd, Mavelikkara | 3219 |
| 4 | Sidco Wood Workshop | 3304 |
| 5 | Jas Industries, Thiruvarppu, Kottayam | 3460 |
| 6 | Sona Industries, Mavelikkara, Alappuzha | 3590 |
| 7 | Sidco Sales Emporium, Ettumannur, Kottayam | 3750 |
| 8 | We Store Enterprises, Cherpulasseri, Palakkad | 3790 |
| 9 | WTritech Traders, Vazhuthacadu, Thiruvananthapuram | 3830 |

പഞ്ചായത്ത് ഭരണസമിതിയുടെ 24.2.2025-ലെ 11(1)-ാം നമ്പർ തീരുമാന പ്രകാരം മേൽ സൂചിപ്പിച്ച
പോലെ ഏഴാമത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 3750 രൂപ ക്വോട്ട് ചെയ്ത SIDCO Sales Empori
ഏറ്റുമാനൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയായിരുന്നു. വയോജനങ്ങൾക്ക് കട്ടി
വിതരണം ചെയ്യുന്നതിന് മുന്നോടിയായി പഞ്ചായത്തിൽ സാമ്പിളായി കൊണ്ടുവന്ന കട്ടിലുക
(എത്ര സാമ്പിലുകൾ പരിശോധനയ്ക്ക് വിധേയമാക്കി എന്നത് വ്യക്തമല്ല) ആഞ്ഞിലിത
ഉപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ളതാണെന്നും ആയവ ഗുണനിലവാരം ഉള്ളതാണെന്നും കോന
റേഞ്ച് ഫോറസ്റ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡ
അന്വേഷണക്കുറിപ്പിന് (32/16.8.2025) മറുപടിയായി മുൻ വർഷം കുറഞ്ഞ നിരക്കുള്ള കട്ടി
ഗുണനിലവാരം ഇല്ലാത്തതായിരുന്നുവെന്നും സിഡ്കോ ഒരു സർക്കാർ അംഗീകൃ
ഏജൻസിയാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പറഞ്ഞത്. എക്സിറ്റ് മീറ്റിംഗ് വേളയിൽ ബഹ
പഞ്ചായത്ത് പ്രസിഡന്റും മുൻ വർഷം വിതരണം ചെയ്ത കട്ടിലുകൾക്ക് ഗുണമേന്മയില്ലായിരു
എന്ന് പരാതികൾ ലഭിച്ചതായി സൂചിപ്പിച്ചു. എന്നാൽ പ്രസ്തുത കാര്യങ്ങൾ സ്ഥാപിക്കാൻ യാതൊ
തെളിവും ഹാജരാക്കിയിട്ടില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കു
കട്ടിലുകൾ എന്ത് അടിസ്ഥാനത്തിലാണ് എന്നത് തെളിയിക്കാൻ രേഖകളില്ല. അധിക വിലയു
കട്ടിലുകൾ വാങ്ങിയത് കാരണം ചുവടെ പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്.

| | |
|---|---|
| 83 കട്ടിലുകൾക്ക് ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന് നൽകിയ തുക @ 3750 | 83x3750 = 311250 |
| 83 കട്ടിലുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് നൽകേണ്ടി വരുമായിരുന്ന തുക @ 2777 | 83x2777 = 230491 |
| അധികം നൽകിയ തുക | 311250 – 230491 = **80759** |

ആയതിനാൽ അധികമായി ചെലവഴിച്ച 80759 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതാ
നിരാകരിക്കുന്നു.

2. 83 കട്ടിലുകൾ വാങ്ങിയതിൽ രജിസ്റ്റർ പ്രകാരം 81 എണ്ണം വിതരണം നടത്തിയിട്ടുണ്ട്. രണ്ട് കട്ടിലുകൾ വിതരണം ചെയ്യാത്തതിന്റെ കാരണത്തിന് മറുപടിയായി രണ്ട് കട്ടിലുകൾ വിതരണം നടത്തി അറിയിക്കുന്നതാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

3. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്ന രേഖകൾ ഒന്നും നൽകിയിട്ടില്ല. ആയതിനാൽ പ്രോജക്ടിന് ചെലവഴിച്ച തുക (മേൽ സൂചിപ്പിച്ച നിരാകരിച്ച തുക ഒഴികെ) 230491 രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (166/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തൽ | 275000 (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 275000<br>ട്രഷറി ബിൽ നം. 24050352016601343358/18/02/2025 - 200000<br>ട്രഷറി ബിൽ നം. 24050352016601551604/15/03/2025 - 75000 |

പതിനാലാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ.) 115/2022/ത.സ്വ.ഭ.വ. തീയതി 28.5.2022) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികൾ നടത്തുന്നതോ ആയ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി വരെയുള്ള എല്ലാ വർഷത്തിലും ഒരു നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്. ഓഡിറ്റ് വർഷം വിദ്യാർത്ഥികൾക്ക് അവരർഹിക്കുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | നൽകിയ തുക | നൽകാവുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | അനുപമ ബി. | B.Sc Nursing ആന്ധ്ര പ്രദേശ് | 25000 | 50000 |
| 2 | അതുൽ സുരേഷ് | B.Sc Nursing ആന്ധ്ര പ്രദേശ് | 25000 | 50000 |
| 3 | സൂര്യ എസ്. | MA | 20000 | 30000 |
| 4 | ആതിര കൃഷ്ണ കെ. | B.Sc Nursing ആന്ധ്ര പ്രദേശ് | 25000 | 50000 |
| 5 | അനില ആർ. | BCA | 20000 | 25000 |
| 6 | അഭിജിത്ത് എസ്. | BCA | 20000 | 25000 |

കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതിന്റെ കാരണം അറിയിക്കാൻ നൽകിയ ഓഡ അന്വേഷണക്കുറിപ്പിന് (31/16.8.2025) മറുപടിയായി ഗുണഭോക്താക്കൾക്ക് കൃത്യവും അർഹവുമാ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയത് എന്ന് അറിയിച്ചത് അംഗീകരിയ്ക്കുന്നി തൻവർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ 39 ഗുണഭോക്താക്കളുടെ പേരുണ്ടായിരുന്നിട്ടും കേവലം പേർക്ക് മാത്രമാണ് സ്കോളർഷിപ്പിന്റെ ആനുകൂല്യം നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല.

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് എസ്.സി.പി ഫണ്ടിന്റെ അപര്യാപ്തത പരമാവ ഗുണഭോക്താക്കൾക്ക് അർഹമായ നിരക്കിൽ ആനുകൂല്യം ലഭ്യമാക്കാൻ ഒരിക്കല തടസ്സമാകരുത്. ജനറൽ വികസന ഫണ്ടും തനത് ഫണ്ടും ഉൾപ്പെടെ ആവശ്യാനുസരണം ഫ വകയിരുത്തി എസ്.സി.പി ഫണ്ടിന്റെ കുറവ് നികത്തി പട്ടികജാതിക്കാർക്ക് പ്രയോജ നൽകേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല

2024-25 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണമാണ് നടന്നിട്ടുള്ളത്. അസ്സിസ്റ്റന്റ് എൻജിനീ

കരാറുകാരന് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ വച്ചു കഴിഞ്ഞാൽ പതിന ദിവസത്തിനകം പ്രവൃത്തി ഇൻഷ്വർ ചെയ്ത് കരാറുകാരൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാ ഇപ്രകാരം പ്രവൃത്തി ഇൻഷ്വർ ചെയ്യില്ലായെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0. തുക ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്. ഫൈൻ ഈടാക്കാത്ത പ്രവൃത്തികളുടെ വിവരങ്ങ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | കരാർ തുക | കരാർ തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 1 | താവളത്തിൽ അങ്കണവാടിപടി മാൻപള്ളികുന്ന് റോഡ് റീ കോൺക്രീറ്റിംഗ് 12 (4/25) | 210878 | 07-12-2024 | ബിനു തോമസ് |
| 2 | ചാരുവിള ചാലിൽ ഏല തോട് സൈഡ് കെട്ട് 19 (6/25) | 180265 | 04-12-2024 | ബിനു തോമസ് |
| 3 | കുന്നിന്മേൽ കാവ് എൻ.എസ്.എസ് കരയോഗം റോഡ് ഹൈറിഷ് 19 (8/25) | 83717 | 04-12-2024 | ബിനു തോമസ് |
| 4 | പനങ്ങാട്ട് പടി റോഡ് പുനരുദ്ധാരണം 20 (11/25) | 83476 | 11-12-2024 | ബിനു തോമസ് |
| 5 | ഇളംശൂരനാട് മഞ്ഞക്കുന്ന് റോഡ് സൈഡ് കെട്ട് 8 (18/25) | 120570 | 21-01-2025 | ബിനു തോമസ് |
| 6 | മുക്കുഴിക്കൽ കുരിശുംമൂട് വെള്ളാരംകുന്ന് റോഡ് റീ കോൺക്രീറ്റിംഗ് 2 (21/25) | 144064 | 23-01-2025 | സോമരാജൻ ഡി |
| 7 | പൂവൻ പള്ളിപ്പടി ആശ്ശാരിപടി മുസ്ലീംപള്ളി റോഡ് റീ കോൺക്രീറ്റിങ്ങും ഹൈറിഷ് ഓടയും നിർമ്മാണം 17 (28/25) | 331754 | 11-12-2024 | ബിനു തോമസ് |

| | | | | |
|---|---|---|---|---|
| 8 | കുരോംവിള കുറ്റിവിളപടി റോഡ് റീ കോൺക്രീറ്റിംഗും ചപ്പാത്ത് നിർമ്മാണവും (29/25) | 193947 | 07-12-2024 | ബിനു തോമസ് |
| 9 | രാധസദനം പടി മുകളുവിളപടി ചിറവയൽ സൈഡ്കെട്ട് 15 (46/25) | 241105 | 21-01-2025 | ബിനു തോമസ് |
| 10 | നാട്ടുപാറയ്ക്കൽ പൂപ്പൻവിള പടി റോഡ് സൈഡ് കെട്ടും റീ കോൺക്രീറ്റിംഗും 15 | 120584 | 21-01-2025 | ബിനു തോമസ് |
| 11 | മുലയില്പടി പുപ്പൻവിള പടി റോഡ് സൈഡ് കെട്ട് 15 (99/24,49/25) | 194820 | 24-02-2025 | ബിനു തോമസ് |
| 12 | കുതിരമുക്ക് മുതൽ - പോലീസ് ക്വാട്ടേഴ്സ് പുത്തൻ വിളപടി റോഡ് വരെ റീ ടാറിംഗും ഐറിഷും (86/24,54/25) | 1477644 | 22-01-2024 | ബിനു തോമസ് |
| 13 | എം.സി റോഡ് മുതൽ - പത്മശ്രീ - ചുവടുതാങ്ങിമുക്ക് വരെ റോഡ് ഐറിഷ് 14 (57/25) | 160898 | 21-01-2025 | ബിനു തോമസ് |
| 14 | ഏനാത്ത് യു.പി.എസ്സ് മുതൽ ശ്രീ മഹാദേവർ ടെമ്പിൾ റോഡ് വരെ ഐറിഷ് 14 (56/24,59/25) | 63741 | 04-12-2024 | ബിനു തോമസ് |
| 15 | ചങ്ങഴിമുറ്റം അംബേദ്കർ ജംഗ്ഷൻ മുതൽ മണ്ടച്ചൻപാറ വരെ റോഡ് ഐറിഷ് വാർഡ് 14 (60/25) | 83199 | 21-05-2024 | ബിനു തോമസ് |
| 16 | വലിയവിള ഉത്തരശേരിയിൽ റോഡ് റീകോൺക്രീറ്റ് - വാർഡ് 13 (65/25) | 99905 | 21-01-2025 | ബിനു തോമസ് |

| | | | | |
|---|---|---|---|---|
| 17 | തെറ്റിമുകൾ - വറുവശേരി റോഡ് റീ കോൺക്രീറ്റ് - വാർഡ് 13 (66/25) | 224243 | 21-01-2025 | ബിനു തോമസ് |
| 18 | പടിഞ്ഞാറേതുണ്ടത്തിൽ പടി - മഠത്തിൽ കിഴക്കേതിൽ റോഡ് സംരക്ഷണം (41/24,189/25) | 314329 | 20-09-2023 | ജി. ഉണ്ണികൃഷ്ണൻ |
| 19 | പട്ടുകുന്നിൽപടി - ഇലഞ്ഞിവേലിൽപടി – റോഡ് സംരക്ഷണം (58/24,191/25) | 378580 | 20-09-2023 | ജയിംസ് മാത്യു |
| 20 | പാറയിൽപ്പടി അമ്പലമുക്ക് റോഡ് ചാരുവിളപ്പടി മുവക്കോട്ട് പടി നവീകരണം (72/24,192/25) | 134765 | 18-10-2023 | റ്റിനു ജോസ് |
| 21 | കുഴിയിലയ്യത്ത്പടി – കാത്താട്ടുവിള -മനുവേലിൽ കാവ് റോഡ് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 11 (319/24, 198/25) | 262328 | 12-02-2024 | കൃഷ്ണകുമാർ.കെ |
| 22 | എണ്ണശ്ശേരി മഠം – കലതിവിള റോഡ് സംരക്ഷണം (321/24, 199/25) | 133145 | 12-02-2024 | കൃഷ്ണകുമാർ.കെ |
| 23 | തെൻപാറപ്പടി പ്ലാവിലപ്പടി ഐറിഷ് (92/24,201.25) | 181952 | 30-11-2023 | രാജേഷ് കെ. |
| 24 | നിരപ്പിൽ പടി ഹൈസ്കൂൾ റോഡ് സൈഡ് സംരക്ഷണം (48/24,202/25) | 317635 | 29-09-2023 | രാജേഷ് കെ. |
| 25 | കൈതപ്പറമ്പ് പി.എച്ച്.സി മെയിന്റനൻസ് (270/24,203/25) | 465184 | 05-02-2024 | ബിനു തോമസ് |
| 26 | പഞ്ചായത്ത് കോമ്പൗണ്ടിൽ ടോയിലറ്റ് നിർമ്മാണം (88/24, 208/25) | 583929 | 30-12-2023 | രാജേഷ് കുമാർ |

| | | | | |
|---|---|---|---|---|
| 27 | കാഞ്ഞിരത്തുംമൂട് തോട് സംരക്ഷണ ഭിത്തി നിർമ്മാണം 12 | 187052 | 11-04-2025 | ഗോപിനാഥൻ പിള്ള |
| 28 | കുറ്റിയിൽപ്പടി റോഡ് റീ കോൺക്രീറ്റിംഗ് (65/24,210/25) | 245221 | 10-10-2023 | രാജേഷ് കെ. |
| 29 | കുഴിത്തുണ്ടിൽപ്പടി കലുങ്ക് നവീകരണം വാർഡ് 19 (82/24, 218/25) | 338005 | 27-10-2023 | ബിനു തോമസ് |
| 30 | മൂലഭാഗം പാറയിൽപ്പടി ഐറിഷ് (74/24, 221/250 | 183664 | 29-09-2023 | രാജേഷ് കെ |
| 31 | കൈതമുക്ക് - ഓലിക്കുളങ്ങര റോഡ് സംരക്ഷണവും കലുങ്ക് നിർമ്മാണവും (49/24, 227/25) | 646627 | 28-09-2023 | ബിനു തോമസ് |
| 32 | ദേശക്കല്ലുംമൂട് - മാമ്പിലാപടി റോഡ് ഐറിഷ് നിർമ്മാണം (54/24, 229/25) | 365063 | 29-09-2023 | രാജേഷ് കെ. |
| 33 | എബനേസർപടിനെല്ലിക്കാമുരുപ്പ് കുളത്തിന്റെ മേലേതിൽ റോഡ് വാർഡ് 1 (87/24,232/25) | 239172 | 12-03-2024 | ടിനു ജോസ് |
| 34 | ദേശക്കല്ലുംമൂട് - കീരത്തിൽ റോഡ് ഐറിഷ് നിർമ്മാണം (55/24, 234/25) | 244382 | 29-09-2023 | രാജേഷ് കെ. |
| 35 | താവളത്തിൽ മാൻപള്ളിക്കുന്ന് റോഡ് ഐറിഷ് ഡ്രെയിനേജ് 80/24, 237/25) | 223567 | 30-11-2023 | രാജേഷ് കെ. |
| 36 | കനാൽ പാലം താന്നിക്കൽപ്പടി റോഡ് സൈഡ് ഓട (66/24, 239/25) | 230070 | 30-11-2023 | രാജേഷ് കെ. |

| | | | | |
|---|---|---|---|---|
| 37 | കനാൽപ്പടി - കുളത്തിൻ മേലേതിൽ പടി റോഡ് സൈഡ് കെട്ടും കലുങ്ക് പുനരുദ്ധാരണവും വാർഡ്-1(83/24, 241/25) | 463567 | 13-04-2023 | കെ.ആർ കൃഷ്ണകുമാർ |
| 38 | പാറയിൽ പടി - അമ്പലമുക്ക് റോഡ് (ചരുവിള പടി മുതൽ മൂവക്കോട് പടി വരെ) പുനരുദ്ധാരണം വാർഡ്-2 (123/24, 243/25) | 362693 | 26-07-2023 | രാജേഷ് കുമാർ.ആർ |
| 39 | പുതുമല-മുകളുവിള പടി റോഡ് റീകോൺക്രീറ്റിംഗ് വാർഡ്-1 (231/24, 248/25) | 139055 | 15-05-2023 | സോമരാജൻ.ഡി |
| 40 | ഏനാത്ത് വില്ലേജ് ഓഫീസ് റോഡ് റീകോൺക്രീറ്റിംഗ് വാർഡ്-14 (143/24, 251/25) | 177131 | 27-04-2023 | രാജേഷ് കുമാർ |
| 41 | കിഴക്കുപുറം ഗവൺമെന്റ് ഹൈസ്കൂൾ റോഡ് ഐറിഷ് വാർഡ്-9 (206/24, 251/25) | 200700 | 27-04-2023 | രാജേഷ് കുമാർ |
| 42 | ബ്ലോക്കുപടി പാലക്കോട്ടുപടി റോഡ് സ്റ്റെപ്പ് നിർമ്മാണം വാർഡ് 9 (274/24, 287/25) | 273913 | 29-06-2024 | ബിനു തോമസ് |
| 43 | സ്കൂളുകൾക്ക് തുമ്പൂർമൂഴി മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണം (328/24, 288/25) | 460690 | 29-06-2024 | ബിനു തോമസ് |
| 44 | ഹോമിയോ ആശുപത്രി നവീകരണം വാർഡ് 14 (87/24, 289/25) | 634785 | 29-06-2024 | ബിനു തോമസ് |

| | | | | |
|---|---|---|---|---|
| 45 | കീരത്തിൽ പടി – എണ്ണേശ്വരി മഠം റോഡ് റീടാറിംഗ് വാർഡ്-12 (317/25) | 923723 | 19-12-2024 | ബിനു തോമസ് |
| 46 | അമ്പലവയൽ - സംഗം പടി - സുന്ദരവിലാസം വിലാസം റോഡ് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 1 (325/25) | 82861 | 21-12-2024 | കൃഷ്ണകുമാർ കെ.ആർ |
| 47 | സബ് രജിസ്റ്റർ പടി - പുതുവീട്ടിൽ പടി റോഡ് മെയിന്റനൻസ് വാർഡ് 12 (326/25) | 361038 | 11-12-2024 | ബിനു തോമസ് |
| 48 | പത്താം നമ്പർ അംഗൻവാടി - പറയന്റെയ്യത്തു പടി റോഡ് മെയിന്റനൻസ് വാർഡ് 6 (329/25) | 372371 | 24-02-2025 | ബിനു തോമസ് |
| 49 | മാങ്കൂട്ടം - കിണറുവിള മംഗലത്തു പടി റോഡ് ഐറിഷ് വാർഡ് 15 (90/24, 331/25) | 347009 | 24-02-2025 | ബിനു തോമസ് |
| 50 | കോട്ടവിള പടി - മുഴിക്കൽ കടവ്റോഡ് ചപ്പാത്ത് വാർഡ് 11 (333/25) | 83453 | 21-08-2024 | ബിനു തോമസ് |
| 51 | കുളഞ്ഞിയിൽ പടി - അറുകാലിക്കൽ എൽ.പി.എസ് ഗുരുമന്ദിരം പടി റോഡ് ഐറിഷ് റീകോൺക്രീറ്റ് വാർഡ് 18 (78/24, 334/25) | 199685 | 21-01-2025 | ബിനു തോമസ് |
| 52 | മഠത്തിൽ കിഴക്കേതിൽ ഭാഗം റോഡ് മെയിന്റനൻസ് വാർഡ് 11 (336/25) | 206644 | 15-01-2025 | കൃഷ്ണകുമാർ കെ. |
| 53 | പാല വിള പടി - കൂരോം വിള റോഡ് ചപ്പാത്ത് വാർഡ് 11 (337/25) | 83453 | 21-08-2024 | ബിനു തോമസ് |